# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സീതത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPTA/P6/1067/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സീതത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA/P6/1067/2023 തീയ്യതി: 16/11/2023

## പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-03-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ്കുമാർ എൻ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ മഹേഷ്കുമാർ കെ. ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ഷൈജു വൈ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി. ആർ. പ്രമോദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ അശോക് കുമാർ ജി. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ ആനന്ദ് കിഷോർ | സെക്രട്ടറി | 10-10-2022 | 07-01-2023 |
| ശ്രീ ജിബുമോൻ ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-01-2023 | 31-01-2023 |
| ശ്രീമതി ശ്രീലത എം. എസ്. | സെക്രട്ടറി | 01-02-2023 | 16-02-2023 |
| ശ്രീ ജിബുമോൻ ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-02-2023 | 31-03-2023 |
| ശ്രീ മനോജ്കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 09-10-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ വിൻസന്റ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ശ്രീ അരുൺ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ അജയ് വർഗ്ഗീസ് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി ലിനോ മേരി വർഗ്ഗീസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ പ്രശാന്ത് പി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-12-2022 |
| ശ്രീമതി സ്വപ്ന ഡി. പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2023 | 31-03-2023 |
| ശ്രീ മനോജ് കുമാർ ആർ. എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ ജിബുമോൻ ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീ ഇല്യാസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ രാഘവൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജയ ഡി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി രഞ്ജിനി പി. കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അരുണിമ.എം.എൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രുതി ആർ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | വാർഷിക ധനകാര്യ പത്രികയിൽ തെറ്റായ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-1-11 |
| 13 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല | 1-1-12 |
| 14 | പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-13 |
| 15 | മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-14 |
| 16 | ബാങ്ക് റെക്കൺസലിയേഷൻ നടത്തിയിട്ടില്ല | 1-1-15 |
| 17 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 22 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത | 1-11 |
| 28 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-12 |
| 29 | അധിക വിസ്തീർണ്ണം ക്രമവത്ക്കരിച്ചില്ല, അനർഹമായ ഇളവ് നൽകി നികുതിയും നിർണ്ണയിച്ചു | 1-13 |
| 30 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 31 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-15 |
| 32 | സെല്ലാർ നിലകളുടെ വിവരങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തിയില്ല-പെർമിറ്റ് ഫീസും ഈടാക്കിയില്ല. | 1-16 |
| 33 | പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം-ഹാജരാക്കിയ പ്ലാൻ ചട്ടങ്ങൾ പാലിക്കുന്നതല്ല | 1-17 |
| 34 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം | 1-18 |
| 35 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- KSHB യ്ക്ക് 4.23 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിലെ അപാകതകൾ. | 1-19 |
| 36 | ടെണ്ടർ നടത്താതെയും ഹോട്ട് വാട്ടർ പൈപ്പുകൾ ഉപയോഗിച്ചും 1.17 കോടി രൂപ കുടിവെള്ള പദ്ധതികൾക്കായി ചെലവഴിച്ചു. | 1-20 |
| 37 | 46.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികൾ ക്വട്ടേഷൻ മുഖേന നടപ്പാക്കി. | 1-21 |
| 38 | കിഴങ്ങ് വർഗ്ഗ കൃഷി -ജനറൽ എന്ന പദ്ധതിയിലെ കിറ്റ് വിതരണത്തിലെ അപാകതകൾ. | 1-22 |
| 39 | ലൈഫ് - ഭൂമി വാങ്ങിയതിന് സബ്സിഡി -സുതാര്യത ഉറപ്പ് വരുത്തിയില്ല -ഒന്നര വർഷം കഴിഞ്ഞും ഭവനനിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടില്ല | 1-23 |
| 40 | തെങ്ങുകൃഷിയ്ക്ക് വളം വാങ്ങി നൽകൽ പദ്ധതിയിലെ അപാകങ്ങൾ. | 1-24 |
| 41 | കുരുമുളക് കൃഷി വനിത പദ്ധതിയിലെ വളം വിതരണത്തിൽ അപാകതകൾ. | 1-25 |
| 42 | പട്ടിക ജാതി വിഭാഗത്തിലുള്ളവർക്കുള്ള കിഴങ്ങ് വിള കിറ്റ് വിതരണം പദ്ധതിയിൽ അപാകതകൾ | 1-26 |
| 43 | വാഴകൃഷി വികസനം പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. | 1-27 |
| 44 | ശബരിമല ഫണ്ട്- തനത് ആവശ്യങ്ങൾക്കായി ചെലവഴിച്ചു | 1-28 |
| 45 | മെയിന്റനൻസ് ഫണ്ട്- 1.28 കോടി രൂപ നഷ്ടപ്പെടുത്തി | 1-29 |
| 46 | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല | 1-30 |

| | | |
|---|---|---|
| 47 | എസ്.എസ്.എ -ലഭ്യമാക്കുന്ന പദ്ധതിപ്പണത്തിന് ആനുപാതികമായി പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല | 1-31 |
| 48 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-32 |
| 49 | പി.എച്ച്.സി സബ്സെന്റർ വാടക ഇനത്തിൽ അധിക തുക നൽകി | 1-33 |
| 50 | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 1-34 |
| 51 | ബാലസഭ പ്രവർത്തനം-അധികതുക ചെലവഴിച്ചു | 1-35 |
| 52 | വരൾച്ചാ ദുരിതാശ്വാസം-2022, 2023 വർഷങ്ങളിലെ കുടിവെള്ള വിതരണം-അപാകതകൾ | 1-36 |
| 53 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നില്ല | 1-37 |
| 54 | വക്കീൽ ഫീസിനത്തിൽ അധികമായി തുക ചെലവഴിച്ചു | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | DSR-2018 പ്രകാരമുള്ള PVC പൈപ്പുകളുടെ ഡേറ്റ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20-07-2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 20-07-2023 ൽ പിഞ്ഞുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിഞ്ഞുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 16.11.2023 ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

### 1-1-1 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി 21509666 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-5 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്

## 1-1-6 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 എന്നിവ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-7 നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

## 1-1-8 സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി4 പ്രകാരം സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന 2000000 രൂപ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി7 പ്രകാരം 615667 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

## 1-1-10 വാർഷിക ധനകാര്യ പത്രികയിൽ തെറ്റായ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയരിക്കുന്നു

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B17, RP 40 (B) എന്നിവയിൽ Nationalised Bank Account Of Own Revenue Fund എന്നത് പ്രകാരം -1250 രൂപ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു

## 1-1-11 വാർഷിക ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യ.എ, ഭൂജല വകുപ്പ് , കെ.എസ്.എച്ച്.ബി എന്നീ സ്ഥാപനങ്ങളിൽ മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയ മുൻകൂർ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെഡ്ഡ് കൃത്യമാക്കേണ്ടതാണ്.

## 1-1-12 സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല

ഷെഡ്യൂൾ I-6 പ്രകാരം സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

## 1-1-13 പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

lഗ്രാമപഞ്ചായത്തിലെ വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

## 1-1-14 മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I-18 & I-19 എന്നിവ പ്രകാരം Prior Period Income, Prior Period Expenditure എന്നീ ശീർഷകങ്ങളിലെ ചുവടെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനം,ചെലവ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| Prior Period Income | 418462 |
| Prior Period Expenditure | 2749748 |

## 1-1-15 ബാങ്ക് റെക്കൺസലിയേഷൻ നടത്തിയിട്ടില്ല

കാനറാ ബാങ്കിൽ നിലവിലുള്ള ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ- 11057280131) ബാങ്ക് റെക്കൺസലിയേഷൻ നടത്തിയിട്ടില്ല.

## 1-1-16 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിങ്ങനെയുള്ള വരവിനങ്ങളിലെ വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | തീയ്യതി 25-03-2022 |
| ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് | 1225589 |
| പ്രതീക്ഷിത വരവ് | 288101000 |
| ആകെ | 289326589 |
| പ്രതീക്ഷിത ചെലവ് | 285965000 |
| നീക്കിബാക്കി | 3361589 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | 25.03.2023-ലെ 1(1)നമ്പർ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പെയ്മെന്റ് പ്രകാരം)

| ഇനം | റസിപ്റ്റ് & പെയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
|---|---|---|
| മുന്നിരിപ്പ് | 26857834 | |
| ഓഡിറ്റ് വർഷത്തെ വരവ് | 61473740 | 218274829 |
| ആകെ വരവ് | 88331574 | 218274829 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 59746979 | 175197013 |
| നീക്കിയിരിപ്പ് | 28584595 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 98872868 | 98872868 | 83780025 | 15092843 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 3554132 | 3554132 | 1778621 | 1775511 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-റ്റി.എസ്.പി | .. | 1094000 | 1094000 | 1043808 | 50192 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 16437030 | 23437567 | 39874597 | 20399687 | Lapse-1889569 Balance In Bank-17585341 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 7658054 | 15622108 + 938245 (Interest) =16560353 | 24218407 | 14977944 | Lapse-1754721 Balance In Bank -7485742 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 11799000 | 11799000 | 2535835 | 9263165 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 10274000 | 10274000 | 6713391 | 3560609 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശബരിമല ഗ്രാന്റ് | 3992947 | 2207000 | 6199947 | 1049235 | 5150712 |
| ശുചിത്വ മിഷൻ | 2265429 | 130000 | 2395429 | 2395429 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 1123629 | 885136 | 2088765 | 628776 | 1379989 |
| എം.ജി.എൻ. ആർ.ജി.എസ് | 5892 | 37598818 | 37604710 | 37604202 | 508 |
| ഹെൽത്ത് ഗ്രാന്റ് | 264733 | 3608 | 268341 | 667 | 267674 |
| ഹെൽത്ത് ഗ്രാന്റ്-റൂറൽ | 135000 | 1927 | 136927 | 590 | 136337 |
| റ്റി.എസ്.സി | 130000 | 0 | 130000 | 0 | 130000 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1796831 |
| ,, | അങ്കണവാടി അധിക വേതനം | 1121400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 680341 |
| വികസന ഫണ്ട്-റ്റി.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 141648 |

## 1-5 പദ്ധതി അവലോകനം

A. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 222 | 257786218 | 169 | 139479505 | 0 | 54.11 |

B. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവ് വിവരങ്ങളും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉൽപ്പാദന മേഖല | 44305646 | 38246869 | 86.33 |
| സേവന മേഖല | 167676138 | 80883362 | 48.24 |
| പശ്ചാത്തല മേഖല | 45804434 | 20349274 | 44.43 |
| ആകെ | 257786218 | 139479505 | 54.11 |

C.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 15 | 15 | 13707327 | 8595111 | 62.7 |
| 2 | വെറ്ററിനറി സർജൻ | 8 | 7 | 2422000 | 2222000 | 91.74 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 9 | 7 | 4745303 | 4218247 | 88.89 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 700000 | 700000 | 100 |
| 5 | വി.ഇ.ഒ. | 18 | 15 | 76330628 | 34218649 | 44.83 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 5435000 | 3346365 | 61.57 |
| 7 | സെക്രട്ടറി | 56 | 39 | 69498011 | 44972629 | 64.71 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 88 | 61 | 79109749 | 37380229 | 47.25 |
| 9 | ഹെഡ് മാസ്റ്റർ | 2 | 2 | 200000 | 200000 | 100 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 10 | 3873200 | 2354694 | 60.79 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 468669 | 52.07 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100000 | 38012 | 38.01 |
| 13 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 765000 | 764900 | 99.99 |
| | | 222 | 169 | 257786218 | 139479505 | 54.11 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5892 | 1000315 | 1006207 | 1005699 | 508 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 36598503 | 36598503 | 36598503 | 0 |
| ആകെ | 5892 | 37598818 | 37604710 | 37604202 | 508 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2033 | 20747100 |
| വിധവാ പെൻഷൻ | 700 | 7475900 |
| കർഷക തൊഴിലാളി പെൻഷൻ | 283 | 3153300 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 198 | 2159600 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 100800 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2023 തീയതിയിൽ 2.50 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 6000 (ആറായിരം രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ലൈസൻസ് ഫീസ്, മാർക്കറ്റ് വരവ് എന്നിവയിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയിൽ കുറവുണ്ടായിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു മാറ്റിയതിനാലാണ് വാടക വരുമാനത്തിൽ കുറവുണ്ടായത്. തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ്, തനതുഫണ്ട്/ ബി- ഫണ്ട് വൗച്ചറുകൾ, രസീത് തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ഓഫീസ് ഉത്തരവുകൾ മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ വിഷയങ്ങളിന്മേൽ ഉദ്യോഗസ്ഥർ പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിൽ രേഖപ്പെടുത്തുന്ന വിയോജനങ്ങൾ കമ്മിറ്റി ഫലപ്രദമായി വിശകലനം ചെയ്യുന്നില്ല (ഉദാ - ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം). ഭരണനിർവ്വഹണത്തിലെ പല ഘട്ടങ്ങളിലും ഉദ്യോഗസ്ഥരും ഭരണസമിതിയും തമ്മിൽ യോജിപ്പ് ഉണ്ടായില്ല എന്ന് കമ്മിറ്റി മിനിട്സിൽ നിന്ന് വ്യക്തമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.04.2022 | 01/2022 TO 03/2022 | 28.06.2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.2016 | 2011-12 To 2015-16 | 24.08.2016 |

## 1-11 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത

### നികുതി വരുമാനം

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയാണ് നികുതിയിനത്തിലുള്ള പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. അവ പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ വ്യത്യാസത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| വസ്തുനികുതി (Current) | 1899143 | 2048951 | 149808 | 7.89 |
| തൊഴിൽ നികുതി- ജീവനക്കാർ | 1413690 | 1396900 | -16790 | -1.19 |
| തൊഴിൽ നികുതി- ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 153360 | 185850 | 32490 | 21.19 |

മുൻ വർഷത്തെ അപേക്ഷിച്ച് വസ്തു നികുതിയിൽ 7.89 ശതമാനത്തിന്റെയും ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് തൊഴിൽ നികുതിയിൽ 21.90 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി 1.19 % കുറവായാണ് പിരിച്ചെടുത്തിട്ടുള്ളത്. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല . കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

### നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് വരവ്, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ അവയുടെ പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ വ്യത്യാസത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 122200 | 129500 | 7300 | 5.97 |
| വാടക | 259730 | 6963 | -252767 | -97.32 |
| മാർക്കറ്റ് വരവ് | 43630 | 119800 | 76170 | 174.58 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 91604 | 59383 | -32221 | -35.17 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 27622 | 21077 | -6545 | -23.69 |

ലൈസൻസ് ഫീസ്, മാർക്കറ്റ് വരവ് എന്നിവയിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയിൽ കുറവുണ്ടായിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ച മാറ്റിയതിനാലാണ് വാടക വരുമാനത്തിൽ കുറവുണ്ടായത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ വരുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെയുള്ള അനധികൃത നിർമ്മാണങ്ങളും കൂട്ടിച്ചേർക്കലുകളും നടക്കുന്നതിന്റെ ഫലമായാണോ പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയിൽ കുറവ് വന്നിട്ടുള്ളതെന്ന് പരിശോധിച്ച് തുടർ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമായിരുന്നു ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്നുള്ള വാടക. 5 ലക്ഷത്തോളം രൂപ വാടക ഇനത്തിൽ പ്രതിവർഷം വരുമാനം ലഭിച്ചിരുന്നു. പഴയ ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ച് മാറ്റുകയും പുതിയത് നിർമ്മിച്ചുകൊണ്ടിരിക്കുകയുമാണ്. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നത് വഴി വാടക വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനും വരുമാനം ഗണ്യമായി വർദ്ധിക്കുന്നതിനും ഇടയാകുന്നതാണ്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് പരിഗണിക്കാവുന്ന ചില മേഖലകൾ ചുവടെ പരാമർശിക്കുന്നു.

1. 2011-ലെ കേരള പഞ്ചായത്ത് രാജ്( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്താമെങ്കിലും പഞ്ചായത്ത് നിലവിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപത്തോ ശുചിത്വ പരിപാലനം, ജല വിതരണം, തെരുവു വിളക്കുകളും ഡ്രയ്നേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ ചട്ടം 27-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തുനികുതിയുടെ 4%-ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തുനികുതിയുടെ 3%-ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തുനികുതിയുടെ 2%-ൽ കുറയാത്ത തുക |
| ഡ്രയ്നേജ് | വസ്തുനികുതിയുടെ 1%-ൽ കുറയാത്ത തുക |

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തുന്നത് പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. വിനോദ സഞ്ചാരത്തിന് വളരെയധികം സാധ്യതകൾ ഉള്ള പഞ്ചായത്താണ് സീതത്തോട്. സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന പല സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രസ്തുത സ്ഥലങ്ങൾ വികസിപ്പിച്ചെടുക്കുന്നതും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും പരിഗണിക്കാവുന്നതാണ്. പഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പിലാക്കിയ ആങ്ങമൂഴി കുട്ട വഞ്ചി എക്കോ ടൂറിസം പദ്ധതി ഇപ്പോൾ നിലച്ചിരിക്കുകയാണ്. 751433രൂപ ചെലവഴിച്ച പദ്ധതിയിൽ നിന്നും യാതൊരു വരുമാനവും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. സർക്കാർ അനുമതിയോടെ പഞ്ചായത്തിന് വരുമാനം ലഭിക്കുന്ന രീതിയിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനുള്ള സാധ്യകൾ പരിശോധിക്കാവുന്നതാണ്.

വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക , സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ . കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത് , ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിയ്ക്കുമായി ആളെ തെരഞ്ഞെടുത്ത് 22.08.2023-ലെ 2(1) നമ്പർ തീരുമാന പ്രകാരം നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റ് നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് 22.08.2023-ലെ ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിച്ചത് പ്രകാരം 18.09.2023-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിട്ടില്ല. 2011-ലെ വിജ്ഞാപനത്തിൽ നിശ്ചയിച്ചത് മാറ്റമില്ലാതെ തുടരുന്നതാണെന്നാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. 2011-ന് ശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ , റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ആകെ 57 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത്. അവയിൽ ഭൂരിപക്ഷവും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 228 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ആകെ 57 സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലുള്ളത്. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | അക്ഷയ സെന്റർ, സീതത്തോട് | $1^{st}$ & $2^{nd}$ |
| 2 | മാവേലിൽ ഫിനാൻസ് | $1^{st}$ & $2^{nd}$ |
| 3 | കെ.എസ്.ഇ.ബി. ഓഫീസ് | $1^{st}$ & $2^{nd}$ |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1. | അക്ഷയ കേന്ദ്രം, സീതത്തോട് | 1st & 2nd |
| 2. | ജനകീയ ഹോട്ടൽ, സീതത്തോട് | 1st & 2nd |
| 3 | പനങ്ങാട് ഹോളോബ്രിക്സ്, 11/230 | 1st & 2nd |
| 4 | മെഡികൃവർ ഹോസ്പിറ്റൽ, 8/19, 20 | 1st & 2nd |
| 5 | കൈരളി ബ്രിക്സ് & ഇൻഡസ്ട്രീസ്, 12/142A | 1st & 2nd |
| 6 | എസ്.വി.ആർ. ഇംഗ്ലീഷ് മീഡിയം സ്കൂൾ, സീതത്തോട് | 1st & 2nd |
| 7 | എം.ആർ.ജി. ഫ്യുവൽസ്, 11/279 | 1st & 2nd |
| 8 | മാളിയേക്കൽ കാറ്ററിംഗ്, 6/440 | 1st & 2nd |
| 9 | ഫാത്തിമ ഫിഷറീസ്, 8/84, 85 | 1st & 2nd |
| 10 | അതുല്യ ടെക്സ്റ്റൈൽസ്, 11/462 | 1st & 2nd |
| 11 | അലങ്കാർ കാറ്ററിംഗ്, സൗണ്ട്സ് & ഹയറിംഗ് സെന്റർ, 11/646 | 1st & 2nd |
| 12 | കെ.എൻ.പി. കൺസ്ട്രക്ഷൻസ്, 10/128 | 1st & 2nd |
| 13 | താര എന്റർപ്രൈസസ്, 5/58 | 1st & 2nd |
| 14 | സെന്റ് ജോർജ്ജ് സ്റ്റോഴ്സ്, 11/626 | 1st & 2nd |
| 15 | ആര്യപള്ളിൽ ഇവന്റ്സ് & സൗണ്ട്സ്, 11/442 | 1st & 2nd |
| 16 | പുളിമൂട്ടിൽ ഹോളോബ്രിക്സ്, 10/122 | 1st & 2nd |
| 17 | സൂര്യ ഹോട്ടൽ, ആങ്ങമൂഴി | 1st & 2nd |
| 18 | എം.എം.എ.എം. ഇംഗ്ലീഷ് മീഡിയം സ്കൂൾ, കൊച്ചുകോയിക്കൽ | 1st & 2nd |

ജീവനക്കാരുടെ തൊഴിൽനികുതി പിരിവിലെ മറ്റ് അപാകതകൾ

1. കെ.എഫ്.ഡി.സി.യുടെ ഗവി എക്കോ ടൂറിസത്തിൽ 31 ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022-23 ഒന്നാം അർദ്ധവർഷത്തിൽ 7 ജീവനക്കാരുടെയും രണ്ടാം അർദ്ധവർഷത്തിൽ 11 ജീവനക്കാരുടെയും തൊഴിൽ നികുതി മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.

തൊഴിൽ നികുതി ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-13 അധിക വിസ്തീർണ്ണം ക്രമവത്ക്കരിച്ചില്ല, അനർഹമായ ഇളവ് നൽകി നികുതിയും നിർണ്ണയിച്ചു

സീതത്തോട് വില്ലേജിൽ സർവ്വേ നം. 261/2-ലുള്ള 486ച.മീ ഭൂമിയിൽ ശ്രീ. കനകപ്പൻ, പുത്തൻവീട്ടിൽ, സീതത്തോട് എന്ന വ്യക്തി നിർമ്മിച്ച 844.81ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 11/638A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. 790.10ച.മീ. വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് 23.01.2021-ൽ S3-BA(16924)/2021 നമ്പരായി പെർമിറ്റ് അനുവദിച്ചത്. കെട്ടിടത്തിന്റെ രണ്ട് സെല്ലാർ നിലകൾ ഉറസ്സായിട്ടുള്ളതാണ്. തറനിരപ്പ്നില, ഒന്നാം നില എന്നിവയിലായി 354.49ച.മീ. മാത്രമാണ് ഉപയോഗിക്കുന്നത്. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

A. പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 54.71ച.മീ. ക്രമവത്ക്കരിക്കാതെയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്

B. പഞ്ചായത്തിലെ 11-ാം വാർഡിൽ സീതത്തോട്-മുണ്ടൻപാറ റോഡ് അതിരിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 9.40 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന്

രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/26.09.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിനും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികസഹിതം ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന റോഡിന്റെ വീതി തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് മൂലം കെട്ടിട ഉടമകൾക്ക് വസ്തുനികുതിയിൽ അനർഹമായ ഇളവ് ലഭിച്ചിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ' വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം '1.5 മീറ്ററിൽ കൂടുതൽ' എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായ വർദ്ധനവ് ഒഴിവാക്കിയും ' 1.5 മീറ്ററോ അതിൽ കുറവോ ' എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവ് അനുവദിച്ചും നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ വിവരങ്ങൾ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന വസ്തു നികുതി | പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള വഴി സൗകര്യം | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽഇളവ് അനുവദിച്ചത് | യഥാർത്ഥത്തിൽ വരുത്തേണ്ടിയിരുന്ന വർദ്ധനവ് |
|---|---|---|---|---|---|---|
| ശ്രീ തോമസ് എബ്രഹാം, വലിയപറമ്പിൽ, ആങ്ങമൂഴി | 2/348 B | 172.75 | 863.75 | 7മീ., ആങ്ങമൂഴി-എട്ടപ്പ്കല്ല് റോഡ് | 10% (1.5 മീറ്ററിൽ കുറവ് വഴി സൗകര്യം) | 20% (5മീറ്ററിൽ കൂടുതൽ) |
| ശ്രീ സാമുവൽ, ശ്രീ സി.സി. എബ്രഹാം, ശ്രീ തോമസ് എബ്രഹാം | 9/83 B | 70.07 | 355 | 6 മീ., സീതത്തോട്-ഗുരുനാഥൻമണ്ണ് റോഡ് | ഇളവും വർദ്ധനവും ഇല്ല (1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം) | 20% (5മീറ്ററിൽ കൂടുതൽ) |
| ശ്രീ അജോ മാത്യു, കാഞ്ഞിരത്താമല, അള്ളുങ്കൽ | 13/112 A | 279.95 | 1399.75 | 8മീ., ആങ്ങമൂഴി-അള്ളുങ്കൽ റോഡ് | ഇളവും വർദ്ധനവും ഇല്ല (1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം) | 20% (5മീറ്ററിൽ കൂടുതൽ) |
| ശ്രീമതി ബിന്ദു ജേക്കബ്, തൈക്കൂട്ടത്തിൽ | 13/72 B | 186.37 | 931.85 | 6മീ., സീതത്തോട്-അള്ളുങ്കൽ റോഡ് | ഇളവും വർദ്ധനവും ഇല്ല (1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം) | 20% (5മീറ്ററിൽ കൂടുതൽ) |
| ശ്രീ ജോസഫ് പാലയ്ക്കത്തറയിൽ വർഗ്ഗീസ് | 11/19 I | 926.63ച.മീ. | 4631.15 | 7മീ., സീതത്തോട്-ഗുരുനാഥൻമണ്ണ് റോഡ് | ഇളവും വർദ്ധനവും ഇല്ല (1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം) | 20% (5മീറ്ററിൽ കൂടുതൽ) |

ഇത്തരത്തിൽ അനർഹമായ ഇളവ് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (18, 19/26.09.2023, 28/29.09.23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ടി. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും നടപ്പ സാമ്പത്തിക വർഷത്തെ നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വാണിജ്യ കെട്ടിടത്തിന്റെ ഭാഗങ്ങൾക്ക് പല

നമ്പറുകൾ അനുവദിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഓരോ കെട്ടിടഭാഗത്തിനും മുഴുവൻ കെട്ടിടത്തിനും ബാധകമായ നികുതി നിരക്കാണ് സഞ്ചയയിൽ ബാധകമാക്കേണ്ടത്. ആയതിന് പകരം കെട്ടിട ഭാഗത്തിന്റെ വിസ്തീർണ്ണത്തിനനുസരിച്ചുള്ള നിരക്കുകളാണ് നൽകിയിട്ടുള്ളത്. കൂടാതെ അഡ്വ. വി. ആർ. രാധാകൃഷ്ണൻ, വലിയതുരുത്തിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 11/682C, 682D, 682E എന്നീ നമ്പറുകൾ അനുവദിച്ചപ്പോൾ 682 D, 682 E എന്നീ നമ്പർ കെട്ടിട ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചത് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ളതായി രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തിയാണ്. എന്നാൽ 682 C നമ്പർ കെട്ടിടഭാഗത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചത് 1.5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നാണ് പ്രവേശന മാർഗ്ഗം എന്ന് രേഖപ്പെടുത്തിയാണ്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടിസ്ഥാന വസ്തുനികുതി - വാണിജ്യാവശ്യത്തിനുള്ളവ

100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ - 40

100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ- 55

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിട നികുതി കണക്കാക്കിയതിന്റെ വിവരങ്ങൾ (40/m2 നിരക്കിൽ) | | കെട്ടിട നികുതി കണക്കാക്കേണ്ടിയിരുന്നത് (55/m2 നിരക്കിൽ) | |
|---|---|---|---|---|---|---|
| | | | ഇളവുകളുടെയും വർദ്ധനവിന്റെയും വിവരങ്ങൾ | ഇളവുകൾക്കും വർദ്ധനവിനും ശേഷം ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള തുക | ഇളവുകളുടെയും വർദ്ധനവിന്റെയും വിവരങ്ങൾ | ഇളവുകൾക്കും വർദ്ധനവിനും ശേഷം ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള തുക |
| അഡ്വ. വി. ആർ. രാധാകൃഷ്ണൻ, വലിയതുരുത്തിയിൽ, സീതത്തോട് | 11/682 C | 64 | വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ -20% വർദ്ധനവ് | 2688 | വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ -20% വർദ്ധനവ് | 4435 |
| | 11/682 D | 15 | 1. വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതൽ- ഇളവും വർദ്ധനവും ഇല്ല<br>2. വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നില-5% ഇളവ് | 719 | 1. വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ -20% വർദ്ധനവ്<br>2. വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നില- 5% ഇളവ് | 988 |
| | 11/682 E | 57 | വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ -20% വർദ്ധനവ് | 2873 | വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ -20% വർദ്ധനവ് | 3950 |
| ആകെ | | 136 | | 6280 | | 9373 |
| ഷിബു എം. എസ്., മാമ്പ്ര, സീതത്തോട് | 11/440 E | 78.91 | 1. വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ -20% വർദ്ധനവ്<br>2. വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നില-5% ഇളവ് | 3779 | 1. വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ -20% വർദ്ധനവ്<br>2. വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നില- 5% ഇളവ് | 5195 |
| | 111/440 F | 28.7 | " | 1376 | " | 1889 |
| ആകെ | | 107.61 | | 5155 | | 7084 |

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (30/30.09.23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ടി. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും നടപ്പു സാമ്പത്തിക വർഷത്തെ നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 സെല്ലാർ നിലകളുടെ വിവരങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തിയില്ല-പെർമിറ്റ് ഫീസും ഈടാക്കിയില്ല.

സീതത്തോട് വില്ലേജിൽ സർവ്വേ നം. 189/2- ലുള്ള 172ച.മീ. പ്ലോട്ടിൽ 203.64 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് കെ.പി.സി.സി. പ്രസിഡന്റിന്റെ പേരിൽ 30.08.2022-ൽ S4-BA(282476)/2022 നമ്പരായി

പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം(ച.മീ.) |
|---|---|
| തറനിരപ്പ് നില | 101.82 |
| ഒന്നാംനില | 101.82 |
| ആകെ | 203.64 |

പെർമിറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള സെക്ഷണൽ എലിവേഷൻ പ്രകാരം കെട്ടിടത്തിന് തറനിരപ്പ് നിലയുടെയും ഒന്നാം നിലയുടെയും അതേ വിസ്തീർണ്ണത്തിൽ രണ്ട് സെല്ലാർ നിലകൾ ഉണ്ടെങ്കിലും അവ സൈറ്റ് പ്ലാനിലും കെട്ടിട പ്ലാനിലും കാണിക്കുകയോ, അവയുടെ വിസ്തീർണ്ണം ബിൽറ്റ് അപ്പ് ഏരിയയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 6(4)(a)(iv) പ്രകാരം ഭൂനിരപ്പിലുള്ള നിലവിലുള്ളതും നിർദ്ദിഷ്ടവുമായ എല്ലാ കെട്ടിടങ്ങളുടെയും തുറസ്സായ സ്ഥലങ്ങളും ഭൂനിരപ്പിന് മുകളിലോ, താഴെയോ ഉള്ള നിർദ്ദിഷ്ടവും നിലവിലുള്ളതുമായ കെട്ടിടങ്ങളും അവയുടെ ഉപയോഗം സഹിതം കൃത്യമായി സൈറ്റ് പ്ലാനിൽ കാണിക്കേണ്ടതാണ്. പ്ലോട്ട് വിസ്തീർണ്ണത്തിന്റെ സംക്ഷിപ്തം ഉൾപ്പെടെ എല്ലാ നിലകളുടെയും ഫ്ലോർ പ്ലാൻ, കവേർഡ് ഏരിയ, ഫ്ലോർ അടിസ്ഥാനത്തിലും ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുമുള്ള അനുബന്ധ കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവയുടെ ഉൾപ്പെടെയുള്ള നിർമ്മിത വിസ്തൃതി, മുറികളുടെ വലിപ്പം, ഓരോ നിലകളുടെയും നിരപ്പ്, സ്റ്റെയർകേസുകളുടെ സ്ഥാനം എന്നിവ ചട്ടം 6(7)(i) പ്രകാരം കെട്ടിട പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടം 6(7)(ix) പ്രകാരം കെട്ടിടത്തിന്റെ ആകെ നിർമ്മിത വിസ്തൃതിയും ഫ്ലോർ തിരിച്ചുള്ള നിർമ്മിത വിസ്തൃതിയും കെട്ടിട പ്ലാനിൽ രേഖപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത ചട്ടങ്ങളൊന്നും പാലിക്കാതെ സമർപ്പിച്ച പെർമിറ്റ് അപേക്ഷയിൻമേലാണ് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളത്.

കൂടാതെ സെല്ലാർ നിലകളുടെ വിസ്തീർണ്ണം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിനും പരിഗണിച്ചിട്ടില്ല. 203.64ച.മീറ്റർ ബിൽറ്റ് അപ്പ് ഏരിയയ്ക്ക് 2037രൂപയാണ് പെർമിറ്റ് ഫീസായി ഈടാക്കിയിട്ടുള്ളത്. രണ്ട് സെല്ലാർ നിലകളുടെയും വിസ്തീർണ്ണം കൂടി കൂട്ടുമ്പോൾ ആകെ ബിൽറ്റ് അപ്പ് ഏരിയ 407.28 വരുന്നതാണ്. ആകെ 4073രൂപ പെർമിറ്റ് ഫീസായി ഈടാക്കേണ്ടതായിരുന്നു.

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/26.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം-ഹാജരാക്കിയ പ്ലാൻ ചട്ടങ്ങൾ പാലിക്കുന്നതല്ല

സീതത്തോട് വില്ലേജിൽ സർവ്വേ നം. 1238/2- ലുള്ള 905ച.മീ പ്ലോട്ടിൽ 670.12 ച.മീ. വിസ്തീർണ്ണമുള്ള ഓഫീസ് കെട്ടിടം (പോലീസ് സ്റ്റേഷൻ) നിർമ്മിക്കുന്നതിന് മൂഴിയാർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യ്ക്ക് 14.09.2022-ൽ SC1-1561/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം(ച.മീ.) |
|---|---|
| തറനിരപ്പ് നില | 294.32 |
| ഒന്നാം നില | 309.78 |
| സ്റ്റെയർ ക്യാബിൻ | 23.21 |
| പോർച്ച് | 42.81 |
| ആകെ | 670.12 |

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 5 പ്രകാരം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെയും രാജ്യരക്ഷാ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾക്ക് പ്രത്യേക പെർമിറ്റിന്റെ ആവശ്യമില്ല. എന്നാൽ പ്ലാൻ ഉൾപ്പെടെയുള്ള എല്ലാ രേഖകളും സഹിതം ഉത്തരവാദപ്പെട്ട അധികാരി പ്രവൃത്തി ആരംഭിക്കുന്നതിന് മുപ്പത് ദിവസം മുമ്പ് അപേക്ഷ നൽകേണ്ടതാണ്. പ്ലാനുകൾ ചട്ടങ്ങൾക്കും മാസ്റ്റർ പ്ലാൻ/വിശദമായ നഗരാസൂത്രണ പദ്ധതി/ഇടക്കാല വികസന ഉത്തരവ് എന്നിവ ഏതെങ്കിലും ഉണ്ടെങ്കിൽ ആയതിനും അനുസൃതമാണെന്ന് ചീഫ് ആർക്കിടെക്ട്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണാനുമതിയ്ക്കായി ഹാജരാക്കിയ അപേക്ഷ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019 എന്നിവ പാലിക്കുന്നതല്ല

ഹാജരാക്കിയിട്ടുള്ള അപേക്ഷയിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി), കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 26, ചട്ടം 54 എന്നിവ പാലിക്കാതെയാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആങ്ങമൂഴി-മൂഴിയാർ റോഡതിരിലാണ് കെട്ടിടം നിർമ്മിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) പ്രകാരം നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ജില്ലാ റോഡുകൾ എന്നിവയോടോ ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും റോഡുകളോടോ ചേർന്ന് കിടക്കുന്ന ഭൂമിയിൽ റോഡിനോടു ചേർന്ന അതിരിൽ നിന്ന് 3മീറ്ററിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ ചുറ്റുമതിലല്ലാത്ത ഏതെങ്കിലും നിർമ്മാണമോ നടത്താൻ പാടില്ലാത്തതാകുന്നു. കൂടാതെ കേരള പഞ്ചായത്ത് രാജ് ( കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 26, പട്ടിക 4, 4A എന്നിവ പ്രകാരം ഇ-ഒക്യുപ്പൻസി ഗണത്തിലുള്ള 500ച.മീറ്ററിന് മുകളിൽ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മുൻവശത്ത് കുറഞ്ഞത് 4.5മീറ്റർ എന്ന നിബന്ധനയ്ക്ക് വിധേയമായി ശരാശരി 6 മീറ്റർ തുറസ്സായ സ്ഥലം ആവശ്യമാണ്. എന്നാൽ ടി. ചട്ടങ്ങളൊന്നും പാലിക്കാതെ റോഡിൽ നിന്നും 0.50മീ. മാത്രം ദൂരത്തിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതായാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്.

2. സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നം., വിസ്തൃതി, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

ചട്ടങ്ങൾ പാലിക്കാതെ ഹാജരാക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/25.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി നിലവിൽ പരിതാപകരമായ അവസ്ഥയിലാണ്. സർക്കാർ ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമാണ് തനത് ചെലവുകൾ കണ്ടെത്താൻ കഴിയുന്നത്. 2022-23 സാമ്പത്തിക വർഷത്തെ Income & Expenditure Statement പ്രകാരമുള്ള തനത് വരുമാനവും ചെലവുകളും ചുവടെ പറയും പ്രകാരമാണ്.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (വസ്തു നികുതി, തൊഴിൽ നികുതി | 3721140 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 11283068 |
| വാടക | 6963 | ഭരണപരമായ ചെലവുകൾ | 1932857 |
| ഫീസുകളും യൂസർ ചാർജ്ജും | 1514221 | പ്രവർത്തനചെലവുകളും പരിപാലനവും | 2033430 |
| വിൽപ്പനയും വാടക നിരക്കുകളും | 52800 | ബാങ്ക് ചാർജ്ജ് | 9414 |
| പലിശ | 25725 | മറ്റ് ചെലവുകൾ | 611405 |
| മറ്റ് വരവുകൾ | 1216315 | | |
| ആകെ | 6537164 | | 15870174 |

മുകളിൽ പറഞ്ഞത് പ്രകാരം 2022-23 സാമ്പത്തിക വർഷം തനത് വരുമാനത്തിന്റെ ഇരട്ടിയിൽ അധികമാണ്തനത് ഫണ്ടിനത്തിലുള്ള ചെലവ്. 9333010 രൂപയാണ് ഗ്രാമപഞ്ചായത്തിന്റെ ധനക്കമ്മി. 7896000 രൂപ ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 2022-23 സാമ്പത്തിക വർഷം ലഭിച്ചു. കൂടാതെ ശബരിമല ഗ്രാന്റിനത്തിൽ 2022-23 സാമ്പത്തിക വർഷം ലഭിച്ച 2207000 രൂപയിൽ 1049235 രൂപ മാത്രമാണ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ചെലവഴിച്ചത്. ബാക്കി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്കായി ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിന്റെ നികുതി/ നികുതിയേതര ഇനത്തിലുള്ള വരുമാനം വളരെ കുറവായതിനാൽ ജീവനക്കാരുടെ ശമ്പളം , മെംബർമാരുടെ ഓണറേറിയം തുടങ്ങിയ എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾക്കും തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്, വെള്ളക്കരം, വാഹനചെലവുകൾ തുടങ്ങിയ പ്രവർത്തന ചെലവുകൾക്കും മറ്റ് ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക ലഭ്യമല്ല. ജനറൽ പർപ്പസ് ഫണ്ടിനത്തിലുള്ള സർക്കാർ ഗ്രാന്റ് ലഭ്യമാകുന്നതു കൊണ്ടും ശബരിമല ഗ്രാന്റ് തനത് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് മൂലവുമാണ് ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ നടത്താൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും അനിവാര്യചുമതലകളും മേഖലാ ചുമതലകളും നിർവ്വഹിക്കുന്നതിനും സ്ഥാപനത്തിന്റെ തനത് വരുമാനം നിലവിൽ പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. പ്രധാന വരുമാന മാർഗ്ഗമായിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് ബിൽഡിംഗ് അൺഫിറ്റ് ആയ സാഹചര്യത്തിൽ പൊളിച്ചുമാറ്റുകയും പുതിയത് പണിയുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ

നടന്നുവരുന്നതേയുള്ളൂ. ആയതിനാൽ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. സ്ഥാപനത്തിന്റെ മോശമായ സാമ്പത്തിക സ്ഥിതി തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- KSHB യ്ക്ക് 4.23 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിലെ അപാകതകൾ.

സീതത്തോട് മാർക്കറ്റിലുള്ള പഴയ ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ച് മാറ്റി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 2021-22 ൽ S292/22 നമ്പരായി പദ്ധതി ആവിഷ്കരിച്ചിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ (KSHB) ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിനെത്തുടർന്ന് 7.1.2022 ലെ 6/2021-22 നമ്പർ ആയി ടി സ്ഥാപനവുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടു.

ആദ്യ ഘട്ട എസ്റ്റിമേറ്റിന് 8.79 കോടി രൂപ.

മാർക്കറ്റ് നവീകരണത്തിന്റെ ആദ്യഘട്ടമായി മൂന്ന് നിലകളിലായി 2733.95 ച.മീറ്റർ വിസ്തൃതിയുള്ളതും 72 കടമുറികളോടു കൂടിയുള്ളതുമായ ഷോപ്പിംഗ് കോംപ്ലക്സ് ആണ് വിഭാവനം ചെയ്തിരുന്നത്. ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടിവ് എഞ്ചിനീയർ അംഗീകരിച്ച 6,84,40,000 രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 5.3.2022 ലെ D1- 252/21 നമ്പർ കത്ത് മുഖേന പഞ്ചായത്തിന് സമർപ്പിച്ചു (Estimate No 2022/ 4034). എന്നാൽ 5.6.2022 ൽ ഹൗസിംഗ് ബോർഡ് സമർപ്പിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരം ആകെ അടങ്കൽ ₹8,79,30,947 രൂപയായി വർദ്ധിച്ചു.

DPR ഇല്ലാത്ത രണ്ടാം ഘട്ട എസ്റ്റിമേറ്റി ന 16.93 കോടി രൂപ

മുകൾനിലയിൽ മൂവി തീയറ്റർ, ഡീലക്സ് Suit Rooms എന്നിവ കൂടി ഉൾപ്പെടുത്തി, റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 169344274 രൂപ ആയി വർദ്ധിപ്പിച്ച് ഹൗസിംഗ് ബോർഡ് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചു (Total Plinth Area 2872.28 Square Meter). പുതുക്കിയ , എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയ്ക്ക് 6.7.2022 ലെ 1(7) നമ്പരായി പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണ പ്രവൃത്തികൾ, Water Supply & Sanitary Works, Septic Tank, Fire Water Tank, Sump എന്നീ ഇനങ്ങളിലായി ജി.എസ്.റ്റി ഉൾപ്പെടെ ₹8,87,70,000 രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് മാത്രം ആണ് ഹാജരാക്കിയത്. ബാക്കി 8.05 കോടി രൂപയുടെ ഇനങ്ങൾക്ക് (₹8,05,74,274) ലംപ്സം ആയി തുക വകയിരുത്തുകയാണ് ചെയ്തത്.വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല.

14.2.23 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം, സെക്രട്ടറിയും ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടിവ് എഞ്ചിനീയറും തമ്മിൽ 23.2.2023 ലെ 9/ 2022-23 നമ്പരായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ, വാട്ടർ സപ്ലൈ, Sanitary Works, Incinerator, Fire Water Tank, Rain Water Harvesting Tank എന്നിവ ഒന്നാം ഘട്ടം ആയും ബാക്കി പ്രവൃത്തികൾ രണ്ടാംഘട്ടം ആയും ചെയ്യുന്നതിനാണ് ടി എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തുക ആയ ₹16,93,44,274 രൂപയുടെ 25 % എന്ന ക്രമത്തിൽ ₹4,23,36,068 രൂപ ചുവടെ പറയും പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് ആയി ഹൗസിംഗ്ബോർഡിന് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | നൽകിയ തുക (₹) | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | S292/221 | 7858416 (വികസന ഫണ്ട്) | 121/ 11.3.22 |
| | | 1757546 (വികസന ഫണ്ട്) | 135/26.3.22 |
| 2 | 2/2023 | 7302539 (സെൻട്രൽ ഫിനാൻസ് കമ്മീഷൻ) | 7.3.23 |
| 3 | 159/23 | 12333333 (വികസനഫണ്ട്) | 73/ 14.3.23 |
| 4 | 252/23 | 13084234 (വികസനഫണ്ട്) | 74/ 15..3.23 |
| | ആകെ | ₹4,23,36,068 | |

ഇപ്രകാരം 4.23 കോടി രൂപ KSHB യ്ക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ബിഡ്ഡിംഗ് നടപടികളില്ലാതെ KSHB യെ നിർവ്വഹണത്തിനായി തെരഞ്ഞെടുത്തു .

G.O(P) No.67/2021/Fin; 28-04-2021 ഉത്തരവിലെ ക്രമ നം.6.1 പ്രകാരം ബിഡ്ഡിംഗ് നടപടികളിലൂടെയാണ് PMC യായോ Non-PMC യായോ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടത്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി KSHB യെ തെരഞ്ഞെടുത്തത് ബിഡ്ഡിംഗ് മുഖേനയല്ല. ബിഡ്ഡിംഗ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/03-10-2023) ഉദ്യോഗസ്ഥർ മറുപടി നൽകിയിരുന്നില്ല.

2) KSHB യ്ക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി 4.23 കോടി രൂപ നൽകിയത് ക്രമവിരുദ്ധം .

സ.ഉ (പി) നം.77/2019/ധനവകുപ്പ് ,തീയതി 04-07-2019 പ്രകാരം വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്കുള്ള അക്രഡിറ്റേഷൻ കാലാവധി നിർണ്ണയിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ക്രമ നം 32 പ്രകാരം KSHB എന്ന ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയ്ക്ക് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാം. G.O(P) നം. 23/2020/ധനവകുപ്പ്; തീയതി 02-03-2020 പ്രകാരം KSHB യെ PMC (Project Management Consultant) ആയിട്ടാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്.

സ.ഉ (പി) നം. 95/2017/ധന വകുപ്പ് ,തീയതി :25-07-2017 ഉത്തരവ് പ്രകാരവും G.O(P) No.67/2021/Fin; 28-04-2021 പ്രകാരവും എസ്റ്റിമേറ്റ് നിരക്കിന്മേലോ പ്രവൃത്തി മൂല്യത്തിന്മേലോ ഏതാണോ കുറവ് അതിന്മേൽ അനുവദിക്കാവുന്ന പരമാവധി സെന്റേജ് ചാർജ് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 5 കോടിയ്ക്കു മുകളിൽ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തിയിൽ 5% ആണ് സെന്റേജ് ചാർജ് നൽകാവുന്നത്. ഇതിൽ DPR, ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കുമ്പോൾ 1.5% വും പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെടുമ്പോൾ 0.5% കൂടി നൽകാവുന്നതാണ്. അതിനാൽ പുതുക്കിയ എസ്റ്റിമേറ്റിന്റെ (169344274) 2% തുകയായ 33.86 ലക്ഷം രൂപ മാത്രമാണ് KSHB യ്ക്ക് അർഹമായത്. അതിനാൽ KSHB യ്ക്ക് വർദ്ധിപ്പിച്ച എസ്റ്റിമേറ്റിന്റെ 25% തുകയായ 42336068 രൂപ അഡ്വാൻസായി നൽകിയത് ക്രമവിരുദ്ധമാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം ഓഡിറ്റിനു ലഭിച്ചിട്ടില്ല.

3) ആദ്യ എഗ്രിമെന്റിലും സപ്ലിമെന്ററി എഗ്രിമെന്റിലും സെന്റേജ് ചാർജിനു പുറമെ മൊബിലൈസേഷൻ അഡ്വാൻസുൾപ്പെടെയുള്ള തുക KSHB യ്ക്ക് നേരിട്ടു നൽകുന്നതിനു വ്യവസ്ഥയുണ്ടാക്കി.

07-01-2021 ൽ തിരുവല്ല, KSHB എക്സിക്യൂട്ടീവ് എഞ്ചിനീയറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിലുണ്ടാക്കിയ കരാർ(നം. 06/2021-22) പ്രകാരം KSHB യ്ക്കു നൽകേണ്ട സെന്റേജ് ചാർജിനു പുറമെ എസ്റ്റിമേറ്റിന്റെ 25% തുക മൊബിലൈസേഷൻ അഡ്വാൻസായും അവശേഷിക്കുന്നവ മൂന്നു ഗഡുക്കളായി KSHB യിൽ ഡിപ്പോസിറ്റ് ചെയ്യുന്നതിനു വ്യവസ്ഥകളുണ്ടാക്കി. സപ്ലിമെന്ററി എഗ്രിമെന്റിൽ (നം. 9/23-02-2023) എസ്റ്റിമേറ്റ് തുക 16.93 കോടി രൂപയായി വർദ്ധിച്ചിരുന്നു. ഇതിന്റെ 25% തുകയായ 42336068 രൂപ ടെണ്ടർ ഫൈനലൈസ് ചെയ്യുമ്പോൾ നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുക നൽകുന്നതിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിവരണം | എസ്റ്റിമേറ്റ് % | KSHB യ്ക്കു നൽകേണ്ട തുക |
|---|---|---|---|
| 1 | ടെണ്ടർ പൂർത്തീകരിക്കുമ്പോൾ നൽകേണ്ട മൊബിലൈസേഷൻ അഡ്വാൻസ് | 25% | 42336068.5 |
| 2 | സെല്ലാർ റൂഫ് സ്ലാബ് പൂർത്തീയാകുമ്പോൾ | 25% | 42336068.5 |
| 3 | മൂന്നാം നിലയുടെ റൂഫ് പൂർത്തിയാകുമ്പോൾ | 25% | 42336068.5 |
| 4 | പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ | 25% | 42336068.5 |
| | ആകെ | | 169344274 |

എന്നാൽ G.O(P) No.67/2021/Fin; 28-04-2021 പ്രകാരം KSHB യ്ക്ക് സെന്റേജ് ചാർജ് നൽകാൻ മാത്രമെ വ്യവസ്ഥയുണ്ടാക്കാനാകൂ. ആയതിനു വിരുദ്ധമായി തുക KSHB യ്ക്കു നേരിട്ടു നൽകുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയതിനു വിശദീകരണം ലഭ്യമാക്കിയില്ല.

4) സപ്ലിമെന്ററി എഗ്രിമെന്റിൽ തുക നൽകുന്നതിൽ വലിയ മാറ്റം വരുത്തി .

ആദ്യ എഗ്രിമെന്റ് പ്രകാരം ആദ്യം നൽകുന്ന മൊബിലൈസേഷൻ അഡ്വാൻസിന്റെ (25% Of Estimate) 90% പ്രവൃത്തികളും പൂർത്തീയാകുമ്പോളാണ് രണ്ടാം ഗഡുവായി 25% ഗ്രാമപഞ്ചായത്ത് നൽകേണ്ടത്. ഇപ്രകാരം രണ്ടു ഗഡുക്കളായി നൽകിയ 50% തുകയുടെ 90 % പ്രവൃത്തികളും പൂർത്തിയാക്കുമ്പോളാണ് മൂന്നാം ഗഡുവായ 25% നൽകേണ്ടത്.

എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റിൽ ആദ്യ രണ്ടു ഗഡുക്കൾ നൽകുമ്പോൾ സെല്ലാർ ഫ്ലോറിന്റെ റൂഫ് സ്ലാബ് മാത്രം പൂർത്തീയാക്കുക എന്നതു മാത്രമായി വ്യവസ്ഥ പുതുക്കി എഴുതിയത് ക്രമപ്രകാരമല്ല. ഇതു പ്രകാരം ആദ്യ രണ്ടു ഗഡുക്കൾ

നൽകുമ്പോൾ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 8.46 കോടി രൂപ KSHB യ്ക്ക് കൈമാറേണ്ടി വരും (42336068.5x2=84672137). എന്നാൽ KSHB യും ഗ്രാമപഞ്ചായത്തും ടെണ്ടർ എടുത്ത കരാറുകാരനും തമ്മിലുണ്ടാക്കിയ മറ്റൊരു ത്രികക്ഷി കരാർ പ്രകാരം 69431581 രൂപയ്ക്കാണ് (7.7% Below) ആദ്യ ഘട്ട പ്രവൃത്തി നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ ടെണ്ടർ ചെയ്തതിനുള്ള എസ്റ്റിമേറ്റ് തുക 75225728 രൂപയ്ക്കാണ്. ആദ്യ ടെണ്ടറിൽ കെട്ടിടത്തിന്റെ ഏതു ഘട്ടം വരെയുള്ള നിർമ്മാണം നടത്തുന്നുവെന്ന് വ്യക്തമല്ല. കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിന്റെ റൂഫ് സ്ലാബ് മാത്രം പൂർത്തീകരിക്കുന്ന ഘട്ടത്തിൽ ടെണ്ടർ തുകയേക്കാൾ ഉയർന്ന തുക KSHB യ്ക്ക് കൈമാറേണ്ട അവസ്ഥയാണ് കരാർ മൂലം ഗ്രാമപഞ്ചായത്തിനു ഉണ്ടാകുന്നത്.

ആദ്യ എഗ്രിമെന്റിലെ വ്യവസ്ഥകൾ റദ്ദ് ചെയ്യാത്ത അവസരത്തിൽ സപ്ലിമെന്ററി എഗ്രിമെന്റിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനു വിശദീകരണം നൽകിയിട്ടില്ല.

5) ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഇല്ല .

G.O(P) No.67/2021/Fin; 28-04-2021 ലെ ക്രമ നം 8.2 പ്രകാരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് PRICE സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ KSHB തയ്യാറാക്കിയ DPR ൽ ആദ്യ എസ്റ്റിമേറ്റ് പ്രകാരമുള്ള 8.87 കോടി രൂപയുടെ നിർമ്മാണത്തിനുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റാണ് ഗ്രാമപഞ്ചായത്തിനു നൽകിയിട്ടുള്ളത്. അവശേഷിക്കുന്ന തുകയായ 8.06 കോടി രൂപയുടെ യാതൊരു ഡീറ്റെയിൽഡ് എസ്റ്റിമേറ്റും KSHB ഹാജരാക്കിയിട്ടില്ല.

6) സർക്കാർ സമിതിയുടെ സാങ്കേതിക അനുമതിയില്ല .

G.O(P) No.67/2021/Fin; 28-04-2021ഉത്തരവിലെ ക്രമ നം 9.3 പ്രകാരം അഞ്ച് കോടിയ്ക്കു മുകളിൽ എസ്റ്റിമേറ്റ് വരുന്ന എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും സർക്കാർ തലത്തിലുള്ള ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ സാങ്കേതിക അനുമതി നിർബന്ധമാണ്. ഭരണവകുപ്പ് സെക്രട്ടറി രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീറുടെ പദവിയിൽ കുറയാത്ത എഞ്ചിനീയർമാർ, അക്രഡിറ്റഡ് ഏജൻസിയുടെ എഞ്ചിനിയർ എന്നിവരുടെ സമിതിയാണ് അനുമതി നൽകേണ്ടത്.

7) ത്രികക്ഷി കരാർ തയ്യാറാക്കിയതിൽ തുക KSHB യ്ക്ക് കൈമാറുന്നതിനു വ്യവസ്ഥയുണ്ടാക്കി .

G.O(P) No.67/2021/Fin; 28-04-2021 ലെ ക്രമ നം 11 പ്രകാരം PMC ആയ KSHB തെരഞ്ഞെടുത്ത കരാറുകാരനും KSHB യും ഗ്രാമപഞ്ചായത്തും തമ്മിൽ ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. നിർമ്മാണത്തിലെ തുക കൈമാറുന്ന ഘട്ടങ്ങളും മറ്റും ഈ കരാറിന്റെ ഭാഗമാകേണ്ടതാണ്. മേൽ സർക്കാർ ഉത്തരവു പ്രകാരം KSHB യുടെ ശുപാർശ പ്രകാരം പ്രവൃത്തി നടത്തുന്ന കരാറുകാരനാണ് ബില്ലുകൾ പ്രകാരമുള്ള തുക തദ്ദേശ സ്ഥാപനം നേരിട്ട് കൈമാറേണ്ടത്.

എന്നാൽ KSHB യും ഗ്രാമപഞ്ചായത്തും ടെണ്ടർ എടുത്ത കരാറുകാരനും തമ്മിലുണ്ടാക്കിയ ത്രികക്ഷി കരാറിൽ (നം.12/2022-23; 25.03.2023) KSHB നേരിട്ട് കരാറുകാരനു തുക നൽകുമെന്ന വ്യവസ്ഥ എഴുതിച്ചേർത്തത് സർക്കാർ ഉത്തരവിനു വിരുദ്ധമാണ്. ത്രികക്ഷി കരാർ പ്രകാരം 6.94 കോടി രൂപയുടെ ടെണ്ടർ എടുത്തിരിക്കുന്നത് ശ്രീ സാലിഹ് MD/റിയാസ് ബി കൺസോർഷ്യം, ബേർക്ക ഹൗസ്, ചെങ്കള, കാസർഗോഡ് എന്ന സ്ഥാപനമാണ്. ഇപ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി തുക നേരിട്ടു കൈമാറുന്നതിനുള്ള വ്യവസ്ഥ തയ്യാറാക്കിയതിനു വിശദീകരണം നൽകിയിട്ടില്ല.

8) തദ്ദേശ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് അംഗീകരിച്ചതായി വ്യക്തമല്ല ,

06.09.2022 ലെ I(7) ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം KSHB തയ്യാറാക്കി നൽകിയ 16.93 കോടി രൂപയുടെ എസ്റ്റിമേറ്റിലെ നിരക്കുകൾ പരിശോധിച്ച് അംഗീകരിക്കാവുന്നതാണെന്ന് എൽ .എസ്. ജി. ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരമൊരു അംഗീകാരത്തിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. 01.08.2022 ലെ 1(4) ാം തീരുമാനപ്രകാരം റിവൈസ് ചെയ്ത എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് പത്തനംതിട്ട എൽ.എസ്. ജി. ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറോടു അഭ്യർത്ഥിച്ചു തീരുമാനിച്ചിരുന്നു.

9) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണോ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നു വ്യക്തമല്ല .

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(3) പ്രകാരം സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിനു ഉത്തരവാദിയായ എഞ്ചിനീയർ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും സൈറ്റ് പ്ലാനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കണമെന്ന വ്യവസ്ഥയുണ്ട്. സർക്കാർ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകേണ്ടതില്ല. എന്നാൽ കെട്ടിട നിർമ്മാണവും പ്ലാനും 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചു കൊണ്ടാവണമെന്ന ചട്ടം പറഞ്ഞിട്ടുണ്ട്.

KSHB ഹാജരാക്കിയ ആദ്യ കെട്ടിട പ്ലാൻ പ്രകാരം മൂന്നു നിലകളിലായി 2733.95 M2 പ്ലിന്ത് ഏരിയ ഉള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 2872.28 M2 കെട്ടിടം നിർമ്മിക്കുന്നതായുള്ള DPR തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച പുതുക്കിയ പ്ലാൻ സമർപ്പിച്ചപ്പോൾ സെല്ലാർ ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുടെ പ്ലാനുകളെ KSHB സമർപ്പിച്ചിട്ടുള്ളൂ. തീയറ്ററുകൾ ഉൾപ്പെടുന്ന രണ്ടാം നിലയുടേയും മൂന്നാം

നിലയുടേയും പ്ലാനുകൾ ഫയലിൽ ലഭ്യമല്ല. അതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണോ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നു വ്യക്തമല്ല. പുതുക്കിയ എസ്റ്റിമേറ്റിൽ ബേസ്മെന്റ് ഫ്ലോർ ആയി 573 M2 പാർക്കിംഗിനു കാണിച്ചിട്ടുണ്ട്. രണ്ടാം നിലയിലും മൂന്നാം നിലയിലും തീയറ്റർ കൂടി ഉൾപ്പെടുന്നതിനാൽ കെട്ടിടത്തിനു അസംബ്ലി വിഭാഗത്തിനു വേണ്ട (കാറ്റഗറി -D) പാർക്കിംഗ് കൂടി ആവശ്യമാണ്.

10) കെട്ടിട നിർമ്മാണ സൈറ്റിന്റെ ഏരിയ വ്യക്തമല്ല .

ഷോപ്പിംഗ് കോംപ്ലക്സിന്റെ ആദ്യ പ്ലാൻ പ്രകാരം സർവ്വെ നമ്പരുകളായ 1091/2, 248/6, 260/1 ൽ ഉൾപ്പെട്ട 1536.045 M2 ഏരിയയിൽ കെട്ടിടം നിർമ്മിക്കുന്നതായിട്ടാണ് ഹൗസിംഗ് ബോർഡ് കെട്ടിട പ്ലാൻ ഹാജരാക്കിയത്. എന്നാൽ വില്ലേജ് ഓഫീസർ ലഭ്യമാക്കിയ കൈവശാവകാശ സാക്ഷ്യപത്രം പ്രകാരം ഉദ്ദേശം 37 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിനുണ്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാക്ഷ്യപത്രത്തിൽ സർവ്വെ നമ്പരോ ഭൂമിയുടെ കൃത്യമായ അളവുകളോ രേഖപ്പെടുത്തിയിട്ടില്ല.

07-03-2023 ലെ 13 ാം നമ്പർ അജണ്ട പ്രകാരം സർവ്വെ നമ്പർ 923/1-1 ൽ ഉൾപ്പെട്ട പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം, വെയിറ്റിംഗ് ഷെഡ്, ടോയ്ലെറ്റ് കോംപ്ലക്സ് എന്നിവ പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോടെ പൊളിച്ചു നീക്കിയെന്നും ഇവിടെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 37 സെന്റ് സ്ഥലത്തിനു പട്ടയം നൽകണമെന്നും ബഹു റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയോടു യോഗം തീരുമാനിച്ചിരുന്നു. കമ്മറ്റി തീരുമാനത്തിലെ സർവ്വെ നമ്പരും KSHB സമർപ്പിച്ച കെട്ടിട പ്ലാനിൽ സർവ്വെ നമ്പരുകളും പൊരുത്തപ്പെടുന്നില്ല.

11) മറ്റു വകുപ്പുകളുടെ അനുമതി പത്രങ്ങൾ പ്ലാനിനോടൊപ്പം സമർപ്പിക്കപ്പെട്ടില്ല .

KSHB തയ്യാറാക്കി നൽകിയ പ്ലാനിനോടൊപ്പം മറ്റു വകുപ്പുകളുടെ അനുമതി പത്രങ്ങൾ സമർപ്പിക്കപ്പെട്ടില്ല. കാറ്റഗറി D വിഭാഗത്തിലുള്ള കെട്ടിടമായതിനാൽ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4)(12) പ്രകാരം ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുമുള്ള Part 4 Fire And Life Safety Of National Building Code Of India, 2016 And Subsequent Amendments പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണ് കെട്ടിടനിർമ്മാണം എന്നതിന്റെ സാക്ഷ്യപത്രവും ഫയർ പ്ലാനും ഹാജരാക്കിയിരുന്നില്ല. ചട്ടം 5(4)(12) പ്രകാരവും ചട്ടം 30 (C) പ്രകാരവും 1500 M2 ൽ കൂടുതൽ ബിൽറ്റ് അപ്പ് ഏരിയ ഉള്ള അസംബ്ലി വിഭാഗം കെട്ടിടത്തിന്റെ പ്ലാനിനു ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ആവശ്യമാണ്. ഇവ ഫയലിനോടൊപ്പം ഹാജരാക്കിയില്ല.

12) ഉദ്യോഗസ്ഥരുടെ വിയോജനങ്ങൾ ഭരണസമിതി കണക്കിലെടുത്തില്ല .

A) 16-12-2022 ലെ 9 ാം അജണ്ട.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തുന്ന 159/2022 മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതി നടപ്പാക്കുന്നതിലേക്കായി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ പ്രകാരമുള്ള നിയമാനുസൃത പെർമിറ്റ് ജില്ലാ ടൗൺ പ്ലാനറുടെ അനുമതിയ്ക്ക് വിധേയമായി ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ 01.02.2022 ലെ KSHB D1-252/ 21 നമ്പർ കത്ത് പ്രകാരം പെർമിറ്റ് എടുക്കുന്നതിന്റെ ആവശ്യത്തിലേക്കായി പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ലൊക്കേഷൻ,ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിക്കുന്ന രേഖകൾ എന്നിവ അയച്ചു നൽകുന്നതിനു ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഫയലിൽ ഇവ ഇല്ലായെന്നും നിയമാനുസൃത പെർമിറ്റ് ലഭിക്കുന്ന മുറയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്താൽ മതിയെന്നും സെക്രട്ടറി അറിയിച്ചിരുന്നു.

എന്നാൽ ഫേസ് - 1 വർക്കിന്റെ 50% തുക KSHB യ്ക്ക് നൽകുന്നതു സംബന്ധിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച കത്ത് ഭരണസമിതി യോഗത്തിൽ വായിക്കുകയും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

B) 14.02.2023 ലെ ഒന്നാം തീരുമാനം.

പ്രൊജക്റ്റിന്റെ നിർവ്വഹണ ഏജൻസിയായ KSHB യെ PMC ഗണത്തിൽപെടുത്തി കരാർ വർക്കുകൾ ചെയ്യുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരം ബിഡ്ഡിംഗ് നടപടികൾ ചെയ്യേണ്ടതായിരുന്നു എന്നു സെക്രട്ടറിയ്ക്കു വേണ്ടി യോഗത്തിൽ ഹാജരായ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. (സ.ഉ 67/2021; 28.04.2021, 07/2022; 17.01.2022, 77/2019; 04.07.2019). ബിഡ്ഡിംഗ് നടപടികളില്ലാതെയാണ് ആദ്യ കരാറിൽ ഏർപ്പെട്ടതെന്നും PMC യുമായി കരാറിൽ ഏർപ്പെടുമ്പോൾ PMC യായ KSHB യും കരാറുകാരനും ഗ്രാമപഞ്ചായത്തും തമ്മിൽ ത്രികക്ഷി കരാറിൽ ഏർപ്പെടണമെന്നും അസിസ്റ്റന്റ് സെക്രട്ടറി യോഗത്തെ അറിയിച്ചു. ത്രികക്ഷി കരാർ ഒപ്പ് വച്ച് കരാറുകാരനെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കിയാൽ മാത്രമെ തുക അനുവദിക്കാവു എന്നും അറിയിച്ചിരുന്നു.

പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/തസ്വഭവ ; 19.04.2022) 3.8.3 പ്രകാരവും 3.8.3(7) പ്രകാരവുമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു എന്നും അസിസ്റ്റന്റ് സെക്രട്ടറി യോഗത്തെ അറിയിച്ചു.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4), ചട്ടം 30 പ്രകാരമുള്ള ലിഖിത അനുമതി പത്രങ്ങളും തടസ്സരഹിത സാക്ഷ്യപത്രങ്ങളും ഉത്തരവാദപ്പെട്ടവരിൽ നിന്നും ഹാജരാക്കേണ്ടത് KSHB യുടെ ചുമതലയായിരുന്നുവെന്നും കരാർ കാലാവധിക്കുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കാതിരുന്നാൽ പ്ലാൻ ഫണ്ടിന്റെ നിയമാനുസൃത പലിശ നൽകാൻ ഹൗസിംഗ് ബോർഡിനു ബാധ്യത ഉണ്ടെന്നും അസിസ്റ്റന്റ് സെക്രട്ടറി യോഗത്തെ അറിയിക്കുകയും തുക നൽകുന്നതിൽ വിയോജനം രേഖപ്പെടുത്തുകയും ചെയ്തു.

എന്നാൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുക്കേണ്ടെന്നും 04.07.2019 ലെ 77/2019/Fin ഉത്തരവു പ്രകാരം 50 കോടി വരെയുള്ള വർക്കുകൾ KSHB യ്ക്കു നൽകാമെന്നും 2021-22 ൽ നൽകിയ 9615962 രൂപ കിഴിച്ചുള്ള 32720106 രൂപ നൽകുന്നതിനും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിനും ഭരണസമിതി തീരുമാനമെടുത്തു.

ഇപ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി അഡ്വാൻസ് തുക 4.23 കോടി രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും കൈമാറിയതിന്മേൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. KSHB യും ഗ്രാമപഞ്ചായത്തും കരാറുകാരനുമായി ഏർപ്പെട്ട ത്രികക്ഷി കരാർ റദ്ദ് ചെയ്യാവുന്നതാണ്. KSHB യുടെ ചെക്ക് മെഷർമെന്റിനു ശേഷമുള്ള തുക മാത്രം കരാറുകാരനു നേരിട്ടു നൽകുന്നതിനാണ് സർക്കാർ ഉത്തരവുകൾ പ്രകാരം നിയമാനുസൃതമായിട്ടുള്ളത്. KSHB യിൽ ഡിപ്പോസിറ്റ് ചെയ്ത 4.23 കോടി രൂപയുടെ പലിശ കണക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ പുതിയ കരാറിൽ ഏർപ്പെടുത്തുകയോ അല്ലാത്ത പക്ഷം നിയമാനുസൃതമുള്ള സെന്റേജ് ചാർജ് ഒഴികെയുള്ള തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിനോ നിർദ്ദേശമുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-20 ടെണ്ടർ നടത്താതെയും ഹോട്ട് വാട്ടർ പൈപ്പുകൾ ഉപയോഗിച്ചും 1.17 കോടി രൂപ കുടിവെള്ള പദ്ധതികൾക്കായി ചെലവഴിച്ചു.

2021-22 ൽ ആവിഷ്കരിച്ച 50 ലക്ഷം രൂപയുടെ 4 കുടിവെള്ള പദ്ധതികൾ ടെണ്ടർ ചെയ്യാതെ ക്വട്ടേഷൻ വിളിച്ച് നടപ്പാക്കിയതായി ബോദ്ധ്യപ്പെട്ടു. ഈ പ്രവൃത്തികളുടെ ബിൽ തുകയായി 47.92 ലക്ഷം രൂപ 2022-23 വർഷം കരാറുകാരനു നൽകിയിട്ടുണ്ട്. അതുപോലെ 2022-23 ൽ ആവിഷ്കരിച്ച 6 കുടിവെള്ള പദ്ധതികൾക്കായി 84.46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 69.76 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ ഹോട്ട് വാട്ടർ PVC പൈപ്പുകളാണ് വിതരണത്തിനായി ഉപയോഗിച്ചിട്ടുള്ളത്.

ജി.ഒ(പി) നം. 524/2015/ധനവകുപ്പ് ; 17-11-2015 ഉത്തരവു പ്രകാരവും പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 12(2)(ഇ) പ്രകാരവും (സ.ഉ(കൈ) നം. 84/2022/തസ്വഭവ ; 19-04-2022) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക് ഇ-ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ കൃത്യമായി പാലിക്കുന്ന ഈ നിബന്ധന ഇവിടെ പാലിച്ചിട്ടില്ല. ആയത് ഗുരുതരമായ വീഴ്ചയാണ്. 15 ഉം 10 ഉം ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തികളാണ് ടെണ്ടർ കൂടാതെ നടപ്പാക്കിയത്. ക്വട്ടേഷൻ വിളിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതികളുടെ ചെലവുകളെല്ലാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്.

| ക്രമ നം | പ്രൊജക്ട് നമ്പർ/പേര് | എസ്റ്റിമേറ്റ് തുക (ജി.എസ്. റ്റി ഉൾപ്പെടെ) | കരാറുകാരന്റെ പേര്, എഗ്രിമെന്റ് നമ്പർ | ബിൽ തുക, തീയതി |
|---|---|---|---|---|
| 1 | 183/22, 45/2022-23<br>കൊച്ചാണ്ടി കുടിവെള്ളപദ്ധതിയിൽ നിന്നും പാലത്തടിയാർ വാർഡിൽ കുടിവെള്ളം | 1500000 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>103/AE/2021-22;<br>18.03.2022 | 1486147<br>27.05.2022 |
| 2 | 299/2021-22, 58/2022-23,<br>ഭയങ്കരാമുടി കുടിവെള്ള പദ്ധതിയിൽ നിന്നും വെൺകുറിഞ്ഞിമലയിലേക്ക് പൈപ്പ് ലൈൻ നീട്ടല് | 1000000 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>93/AE/2021-22; | 988473<br>27.05.22 |

| | | | | |
|---|---|---|---|---|
| | | | 10.03.2022 | |
| 3 | 178/2021-22, 42/2022-23,<br>വിവിധ കുടിവെള്ള പദ്ധതി അനുബന്ധ പണികൾ | 1500000 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>68/AE/2021-22;<br>06.01.2022 | 1333270<br>21.05.22 |
| 4 | 181/2021-22, 44/2022-23<br>കൊച്ചാണ്ടി കുടിവെള്ള പദ്ധതി അനുബന്ധ പണികൾ | 1000000 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>71/AE/2021-22;<br>06.01.2022 | 984269<br>19.05.2022<br>(ട്രഷറി) |
| | ആകെ | 50,00,000 | | 4792159 |

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന വിരുദ്ധമായി പദ്ധതികൾ നടപ്പാക്കി .

06.11.2021 ലെ 1(6) ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം മേൽ പറയുന്ന നാല്ല കുടിവെള്ള പദ്ധതികൾ ഉൾപ്പെടെ 14 പ്രവൃത്തികൾ ക്വട്ടേഷനുകൾ മുഖേന നടത്താൻ ഭരണ സമിതി അസിസ്റ്റന്റ് എഞ്ചിനീയർക്കു നിർദ്ദേശം നൽകിയിരുന്നു. 20.12.2021 ൽ ക്വട്ടേഷനുകൾ നടത്തിയതായും ഇവ 30.12.2021 ൽ കൂടിയ I(1) ാം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചതായും സകർമ്മ വഴിയുള്ള മിനിട്സ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതികളിൽ ഭൂരിഭാഗവും 2021-22 ൽ നടപ്പാക്കിയിട്ടുണ്ട്. ജില്ലാ പ്ലാനിംഗ് സമിതിയിൽ അവതരിപ്പിച്ച പദ്ധതി പ്രകാരം ഈ പദ്ധതികളെല്ലാം തന്നെ ടെണ്ടർ മുഖേന നടപ്പാക്കും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം നടപ്പാക്കുന്നതിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളതും. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അറിവോടെയും അംഗീകാരത്തോടെയുമാണ് ക്വട്ടേഷനുകൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിച്ചതും അവ നടപ്പാക്കിയതും. ഇത് പദ്ധതി മാർഗ്ഗരേഖയുടേയും പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളുടേയും ലംഘനമാണ്. ഒരു ഗ്രാമപഞ്ചായത്ത് ഭരണസമിതിയ്ക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും മാത്രമായി ഇവ ലംഘിക്കുന്നതിന് യാതൊരു അധികാരവുമില്ല. അത് സർക്കാർ സംവിധാനങ്ങളോടുള്ള നിരുത്തരവാദപരമായ സമീപനമായി ഓഡിറ്റ് വിലയിരുത്തുന്നു. അതിനാൽ ജില്ലാ ആസൂത്രണസമിതിയെ പോലും തെറ്റിദ്ധരിപ്പിച്ച് നടത്തിയ ഈ ക്വട്ടേഷനുകളിന്മേൽ അന്വേഷണം നടത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഇത് സംബന്ധിച്ച് അന്വേഷിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Chlorinated PVC പൈപ്പുകൾ സ്ഥാപിച്ചതു മൂലം 31.55 ലക്ഷം രൂപയുടെ അധിക ചെലവ് .

2022-23 ൽ ആവിഷ്കരിച്ച 6 കുടിവെള്ള പദ്ധതികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ഹോട്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ചതു മൂലം ഗ്രാമപഞ്ചായത്തിനു 31.55 ലക്ഷം രൂപ അധിക ചെലവുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ/പേര് | എസ്റ്റിമേറ്റ് തുക (ജി.എസ്. റ്റി ഉൾപ്പെടെ) | കരാറുകാരന്റെ പേര്, എഗ്രിമെന്റ് നമ്പർ | ബിൽ തുക, തീയതി |
|---|---|---|---|---|
| 1 | 4/22-23, കൊച്ചാണ്ടി കുടിവെള്ളപദ്ധതി അനുബന്ധ പണികൾ | 8,46,672 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>13/AE/2021-22;<br>06.03.2023 | 998243<br>31.03.2023 |
| 2 | 5/2022-23, സീതക്കുഴി കുടിവെള്ള പദ്ധതി അനുബന്ധ പണികൾ | 20,00,000 | ലെഞ്ചു മോൻസി,<br>മേപ്പുറത്ത് വീട്, | 1801774<br>16.03.2023 |

| | | | | |
|---|---|---|---|---|
| | | | സീതത്തോട്.<br>3/AE/2021-22;<br>29.12.2022 | |
| 3 | 7/2022-23,ആനപ്പാറ കുടിവെള്ള പദ്ധതി മീറ്റർ സ്ഥാപിക്കൽ<br>(E Tender) | 1800000 | ഷാജി വി.എ,<br>വെള്ളാപ്പള്ളിൽ,<br>ആങ്ങമൂഴി<br>12/AE; 12.01.2023 | 535360<br>31.03.2023<br>769321<br>16.03.23 |
| 4 | 6/2022-23, വാല്യപാറ കുടിവെള്ള പദ്ധതി മീറ്റർ സ്ഥാപിക്കൽ | 1500000 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>8/AE/2021-22;<br>03.01.2023 | 832951<br>25.03.23 |
| 5 | 9/2022-23,മൂന്നുകല്ല് കുടിവെള്ള പദ്ധതിയിൽ നിന്നും സീതത്തോട് വാർഡ് വരെ പൈപ്പ് ലൈൻ നീട്ടൽ | 500000 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>9/AE/2021-22;<br>03.01.2023 | 497893<br>31.03.23 |
| 6 | 8/2022-23, ഭയങ്കരാമുടി കുടിവെള്ള പദ്ധതിൽ മീറ്റർ സ്ഥാപിക്കൽ | 18,00,000 | കെ.സജയകുമാർ,<br>പുത്തൻപുരയിൽ,<br>വിജയഭവനം,<br>സീതത്തോട്.<br>7/AE/2021-22;<br>03.01.2023 | 1541357<br>31.03.2023 |
| | ആകെ | 84,46,672 | | 69,76,899 |

കേരള വാട്ടർ അതോറിറ്റി, ജലനിധി, ജൽജീവൻ മിഷൻ എന്നിങ്ങനെ ഈ മേഖലയിൽ വർഷങ്ങളുടെ പ്രവൃത്തി പരിചയമുള്ള ഏജൻസികൾ പോലും കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന ഹോട്ട് വാട്ടർ പൈപ്പ് ഇടാറില്ല. കുടിവെള്ള സ്രോതസ്സുകളിൽ നിന്നുള്ള ജലം ഹോട്ട് വാട്ടർ ആകാൻ യാതൊരു സാധ്യതയില്ലാത്തതിനാൽ ഇപ്രകാരം ഉയർന്ന നിരക്കുള്ള പൈപ്പുകൾ സ്ഥാപിച്ചതു മൂലം അധികമായി 31.55 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

ഈ പഞ്ചായത്തിൽ തന്നെയുള്ള ചില കുടിവെള്ള പദ്ധതികൾക്ക് PVC, GI പൈപ്പുകൾ ഇടുന്നതിന താരതമ്യേന ചെറിയ നിരക്കിലുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുമുണ്ട്. ഉദാഹരണത്തിൽ പ്രൊജക്ട് നമ്പർ 45/2022-23 , കൊച്ചാണ്ടി കുടിവെള്ള പദ്ധതിയിൽ നിന്നും പാലത്തടിയാർ വാർഡിൽ കുടിവെള്ളം എന്ന പദ്ധതിയിൽ 50mm, 25mm Pvc പൈപ്പുകളാണ് വിതരണത്തിന ഉപയോഗിച്ചിട്ടുള്ളത്. ഹോട്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ച കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സമാന അളവിലുള്ള PVC പൈപ്പുകൾക്ക് DSR-2018 നിരക്ക് പ്രകാരം നൽകാവുന്ന തുകയും ചുവടെ ചേർക്കുന്നു. പത്തനംതിട്ട ജില്ലയ്ക്ക് കോസ്റ്റ് ഇൻഡക്സ് 37.29% ഉൾപ്പെടെ അനുവദിക്കാവുന്ന നിരക്ക് താഴെ പറയുന്നു. മാർക്കറ്റ് റേറ്റിന കോസ്റ്റ് ഇൻഡക്സ് നൽകിയിട്ടില്ല. വിശദമായ ഡേറ്റ അനുബന്ധം- 3 ആയും നൽകിയിട്ടുണ്ട്.

DSR 50.18.9.6.1 PVC Pipe 50 Mm (10kgf/cm2) -₹240.85+Cost Index 37.29% (₹120.66) = ₹285.86 / Meter

DSR 50.18.9.3.2 PVC Pipe 25mm (10kgf/cm2) –₹176.15+ Cost Index 37.29% (₹112.04) = ₹217.93 / Meter

DSR 50.18.9.2.2 PVC Pipe 20mm (10kgf/cm2) – ₹142.85 + Cost Index 37.29 % (₹102.78) = ₹181.18 / Meter

DSR 50.18.9.4.1 PVC Pipe 32mm (10kgf/cm2) – ₹198.85 + Cost Index 37.29 % (₹112.03) = ₹240.64 / Meter

DSR 50.18.9.5.1 PVC Pipe 40mm (10kgf/cm2) – 232.85 + Cost Index 37.29 % (₹120.66) = ₹277.84 / Meter

| ക്രമ നം | പ്രൊജക്ട് നമ്പർ/പേര് | ഹോട്ട് വാട്ടർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക | സ്ഥാപിച്ച ഹോട്ട് വാട്ടർ പൈപ്പും നിരക്കും (ബിൽ പ്രകാരം) | സമാന അളവിൽ PVC പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്ക് | വ്യത്യാസം (₹) |
|---|---|---|---|---|---|
| 1 | 4/22-23, കൊച്ചാണ്ടി കുടിവെള്ളപദ്ധതി അനുബന്ധ പണികൾ | DSR 18.9.6<br>CPVC -50mm<br>719 M @<br>943.54/M<br>=678405 | DSR 18.9.6<br>CPVC -50mm<br>255 M @<br>943/M<br>=240465 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>255 M @<br>285.86/M<br>=72894 | 167571<br>(240465-72894) |
| | | Extra Item<br>DSR 18.12.6<br>CPVC -50mm<br>437M@ 673.25<br>=294210 | DSR 18.12.6<br>CPVC -50mm<br>437M@ 673.25<br>=294210 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>437M@285.86/M = 124921 | 169289<br>(294210-124921) |
| 2 | 5/2022-23, സീതക്കുഴി കുടിവെള്ള പദ്ധതി അനുബന്ധ പണികൾ | DSR 18.9.6<br>CPVC -50mm<br>1735M @943.54/M<br>=1637041 | DSR 18.12.6<br>CPVC -50mm<br>1735 M @<br>850.13<br>= 1474975 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>1735 M @<br>285.86/M<br>= 495967 | 979008<br>(1474975-495967) |
| 3 | 7/2022-23, ആനപ്പാറ കുടിവെള്ള പദ്ധതി മീറ്റർ സ്ഥാപിക്കൽ | DSR 18.9.6<br>CPVC -50mm<br>1350M @943.54/M<br>=1273779 | DSR 18.9.6<br>CPVC -50mm<br>915M<br>@903.50/M<br>=826702 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>915M@285.86/M<br>=261562 | 565140<br>(826702-261562) |
| | | DSR 18.9.2<br>CPVC-20mm<br>300M @302.39/M<br>=90717 | DSR 18.9.2<br>CPVC-20mm<br>90M @298/M<br>=26820 | DSR 50.18.9.2.2<br>PVC Pipe 20mm<br>90M @ 181.18/M<br>= 16306 | 10514<br>(26820-16306) |
| | | DSR 18.9.3<br>CPVC-25mm<br>276 M @ 389.31/M<br>=107449 | DSR 18.9.3<br>CPVC-25mm<br>145 M @ 359/M<br>=52055 | DSR 50.18.9.3.2<br>PVC Pipe 25mm<br>145M @ 217.93/M<br>= 31600 | 20455<br>(52055-31600) |
| | | DSR 18.12.6<br>CPVC-50mm<br>200M @645.49/M<br>=129098 | DSR 18.12.6<br>CPVC-50mm<br>200M<br>@645.49/M<br>=129098 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>200M@285.86/M<br>=57172 | 71926<br>(129098-57172) |

| | | | | | |
|---|---|---|---|---|---|
| 4 | 6/2022-23, വാല്യപാറ കുടിവെള്ള പദ്ധതി മീറ്റർ സ്ഥാപിക്കൽ | DSR 18.9.6<br>CPVC -50mm<br>300M @943.54/M<br>=283062 | DSR 18.9.6<br>CPVC -50mm<br>375M @940/M<br>=352500 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>375M @285.86/M<br>=107198 | 245302<br>(352500-107198) |
| | | Extra Item | DSR 18.9.6<br>CPVC -50mm<br>94M<br>@939.77/M<br>=88338 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>94M @285.86/M<br>=26871 | 61467<br>(88338-26871) |
| 5 | 9/2022-23,മൂന്നകല്ല് കുടിവെള്ള പദ്ധതിയിൽ നിന്നും സീതത്തോട് വാർഡ് വരെ പൈപ്പ് ലൈൻ നീട്ടൽ | DSR 18.9.6<br>CPVC -50mm<br>150M @943.54/M<br>=141531 | DSR 18.9.6<br>CPVC -50mm<br>150M @940/M<br>=141000 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>150 M @285.86/M<br>=42879 | 98121<br>(141000-42879) |
| | | DSR 18.9.2<br>CPVC-20mm<br>50M @302.39/M =15119 | DSR 18.9.2<br>CPVC-20mm<br>50M @301/M<br>=15050 | DSR 50.18.9.2.2<br>PVC Pipe 20mm<br>50M @ 181.18/M<br>= 9059 | 5991<br>(15050-9059) |
| | | DSR 18.9.4<br>CPVC-32mm<br>280M @493.08/M<br>=138062 | DSR 18.9.4<br>CPVC-32mm<br>280M @491/M<br>=137480 | DSR 50.18.9.4.1 PVC Pipe 32mm<br>280M @240.64/M<br>=67379 | 70101<br>(137480-67379) |
| | | DSR 18.9.5<br>CPVC-40mm<br>200M @639.74/M<br>=127948 | DSR 18.9.5<br>CPVC-40mm<br>200M @637/M<br>=127400 | DSR 50.18.9.5.1 PVC Pipe 40mm<br>200M @277.84/M<br>= 55568 | 71832<br>(127400-55568) |
| 6 | 8/2022-23, ഭയങ്കരാമുടി കുടിവെള്ള പദ്ധതിൽ മീറ്റർ സ്ഥാപിക്കല് | DSR 18.9.6<br>CPVC -50mm<br>945M @943.54/M<br>= 891645 | DSR 18.9.6<br>CPVC -50mm<br>945M @941/M<br>= 889245 | DSR 50.18.9.6.1<br>PVC Pipe 50 Mm<br>945M @<br>285.86/M<br>=270138 | 619107<br>(889245-270138) |
| | ആകെ | | | | 31,55,824 |

അപാകതകൾക്ക വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/29.09.2023) മറുപടിയായി ഹോട്ട് വാട്ടർ പൈപ്പിൽ കോൾഡ് വാട്ടറും കടത്തിവിടാം എന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്. ഇത്തരം പൈപ്പുകൾ ഏതു പ്രഷറിലും പൊട്ടത്തില്ല എന്ന വാദവും അസിസ്റ്റന്റ് എഞ്ചിനീയർ ഉയർത്തിയിട്ടുണ്ട്.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി സാങ്കേതികമായി ഈ വിഷയത്തിൽ അഭിപ്രായം പറയേണ്ട കേരള വാട്ടർ അതോറിറ്റി എഞ്ചിനീയറിൽ നിന്നുമുള്ള അംഗീകാരത്തിന വിധേയമായി പരിഗണിക്കുന്നതാണ്. ഉയർന്ന സ്ഥലങ്ങളിലുള്ള കുടിവെള്ള ടാങ്കുകളിൽ നിന്നും ഡിസ്ട്രിബ്യൂഷൻ നടത്തുമ്പോൾ കേരള വാട്ടർ അതോറിറ്റി സാധാരണ അവലംബിക്കുന്ന GI, PVC പൈപ്പുകൾ ഇടാതെ ഇത്തരത്തിൽ ഹോട്ട് വാട്ടർ പൈപ്പുകൾ ഇടുന്നതിലെ സാങ്കേതികത്വവും മർദ്ദത്തിന്റെ വിലയിരുത്തലുകളും പരിശോധിക്കുന്നതിന് അന്വേഷണം നടത്തേണ്ടതാണെന്ന ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഇതോടൊപ്പം ഹോട്ട് വാട്ടർ പൈപ്പുകൾ തന്നെയാണോ സ്ഥാപിച്ചതെന്നും

പരിശോധിക്കേണ്ടിയിരിക്കുന്നു. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ അധികമായി ചെലവഴിച്ച ₹3155824 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ചതിലെ മറ്റ് അപാകതകൾ

4/22-23, കൊച്ചാണ്ടി കുടിവെള്ളപദ്ധതി അനുബന്ധ പണികൾ എന്ന പദ്ധതിയുടെ ഭാഗമായി കുടിവെള്ള പൈപ്പ്ലൈനുകൾ സ്ഥാപിച്ച് 48 കുടുംബങ്ങൾക്ക് കണക്ഷൻ നൽകുന്നതിനായി മീറ്ററുകൾ സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ഇവ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചതല്ലൊതെ ഒരു കുടുംബത്തിനു പോലും പ്രയോജനം ലഭിച്ചതായി കാണുന്നില്ല.

5/2022-23, സീതക്കുഴി കുടിവെള്ള പദ്ധതി അനുബന്ധ പണികൾ എന്നതിൽ 1735 മീറ്റർ നീളത്തിൽ 50mm ഹോട്ട് വാട്ടർ പൈപ്പ് ഇടുക എന്നതു മാത്രമായിരുന്നു നിർവ്വഹിച്ചത്. GI പൈപ്പുകൾ മാറ്റുകയാണ് ചെയ്തതെന്നും നിലവിൽ കണക്ഷനുകൾ ഉണ്ടായിരുന്ന എല്ലാ വീടുകളിലും നിലവിലും കുടിവെള്ളം ലഭിക്കുന്നുണ്ടെന്നു അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. എന്നാൽ നിലവിലുണ്ടായിരുന്ന GI പൈപ്പുകൾ മാറ്റുന്നതായുള്ള പ്രവൃത്തി എസ്റ്റിമേറ്റിലോ മെഷർമെന്റിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാനാവില്ല. ഈ പദ്ധതി സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തേണ്ടതാണ്.

6/2022-23, വാലുപാറ കുടിവെള്ള പദ്ധതി മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിച്ചിട്ടില്ല. എസ്റ്റിമേറ്റിലെ അവസാന ഇനങ്ങളായ പൈപ്പ് ലൈൻ ഡിസ്ട്രിബ്യൂഷൻ, 30 വാട്ടർ മീറ്ററുകൾ സ്ഥാപിക്കൽ എന്നിവ മെഷർമെന്റ് വിവരങ്ങൾ പ്രകാരം നടത്തിയിട്ടില്ല.

9/2022-23,മൂന്നുകല്ല് കുടിവെള്ള പദ്ധതിയിൽ നിന്നും സീതത്തോട് വാർഡ് വരെ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിയിൽ 680 M പൈപ്പ് ലൈൻ സ്ഥാപിക്കുക മാത്രമാണ് നടത്തിയിട്ടുള്ളത്. വീടുകളിൽ കണക്ഷൻ നൽകുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ എല്ലാ കുടുംബങ്ങൾക്കും കണക്ഷൻ നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

8/2022-23, ഭയങ്കരാമുടി കുടിവെള്ള പദ്ധതിൽ മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ 1433 M പൈപ്പ് ലൈൻ സ്ഥാപിക്കുക മാത്രമാണ് നടത്തിയിട്ടുള്ളത്. 47കുടുംബങ്ങൾക്ക് വാട്ടർ ടാപ്പുകൾ നൽകി വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നെങ്കിലും മെഷർമെന്റ് രേഖകൾ പ്രകാരം കരാറുകാരൻ നടത്തിയിട്ടില്ല.

നിലവിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾക്കാണോ പൈപ്പ് ലൈൻ ഡിസ്ട്രിബ്യൂഷൻ സ്ഥാപിച്ചതെന്നു വ്യക്തതയില്ല.

ക്വട്ടേഷൻ കൂടാതെ 2021-22 ൽ ആവിഷ്കരിച്ച ആദ്യ ടേബിളിലെ 4 കുടിവെള്ള പദ്ധതികളിലും CPVC ഹോട്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ച രണ്ടാം ടേബിളിലെ 6 പ്രവൃത്തികളിലും ഏതൊക്കെയാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് എല്ലാ പദ്ധതികളും പ്രവർത്തന സജ്ജമാണ് എന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്.

ടെണ്ടർ ഇല്ലാതെ ക്വട്ടേഷനുകൾ മുഖേന പദ്ധതികൾ നടപ്പാക്കിയതു സംബന്ധിച്ചും CPVC ഹോട്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ചോ എന്നതു സംബന്ധിച്ചും നിലവിൽ ഇവ പ്രവർത്തന സജ്ജമാണോ എന്നതു സംബന്ധിച്ചും വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇതിനായി തദ്ദേശവകുപ്പ് ആഭ്യന്തര വിജിലൻസ് വിഭാഗം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 46.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികൾ ക്വട്ടേഷൻ മുഖേന നടപ്പാക്കി.

2021-22 സാമ്പത്തിക വർഷം 5 ലക്ഷത്തിനു മേൽ അടങ്കലുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ക്വട്ടേഷൻ മുഖേന നടപ്പാക്കിയതായി കണ്ടു. 2022-23 സാമ്പത്തിക വർഷമാണ് ഈ പ്രവൃത്തികളുടെ ബിൽ തുക കരാറുകാരനു കൈമാറിയിട്ടുള്ളത്. 46.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള അഞ്ച് സ്പിൽ ഓവർ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജി.ഒ(പി) നം. 524/2015/ധനവകുപ്പ് ; 17-11-2015 ഉത്തരവു പ്രകാരവും പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 12(2) (ഇ) പ്രകാരവും (സ.ഉ(കൈ) നം. 84/2022/തസ്വഭവ ; 19-04-2022) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക് ഇ-ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവു പാലിക്കാതെയാണ് ക്വട്ടേഷൻ നടപ്പാക്കിയത്. മാത്രമല്ല വെറ്റിംഗ് ഓഫീസർ അംഗീകരിച്ച പദ്ധതികളിൽ ടെണ്ടർ മുഖേന ഇവ നടപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്.

| ക്രമ | പ്രൊജക്ട് നമ്പർ /പേര് | ഫണ്ട് | ചെലവഴിച്ചത് | കരാറുകാരന്റെ പേര് |
|---|---|---|---|---|

| നം | | വകയിരുത്തിയത് | | |
|---|---|---|---|---|
| 1 | 314/2021-22, SO 182/2022-23,ഗുരുനാഥൻമണ്ണ് ട്രൈബൽ സ്കൂൾ സംരക്ഷണഭിത്തി നിർമ്മാണം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 24,33,000 | 1926506 (ബിൽ നം. 408/17-03-2023) | കെ. സജയകുമാർ, പുത്തൻപുരയിൽ, വിജയഭവനം |
| 2 | 282/2021-22, 54/22-23, മഴക്കെടുതിയിൽ തകർന്ന കോട്ടമൺപാറ റോഡിലെ കലുങ്ക്, പാലം എന്നിവയുടെ പുനരുദ്ധാരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 835000 | 779476 06.07.2022 | കെ.സജയകുമാർ, പുത്തൻപുരയിൽ, വിജയഭവനം, സീതത്തോട്. |
| 3 | 185/2022-23, മഴക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം | വികസന ഫണ്ട് 300000 | 299681 12.07.2022 | കെ.സജയകുമാർ, പുത്തൻപുരയിൽ, വിജയഭവനം, സീതത്തോട്. |
| 4 | 301/2021-22,60/22-23 ബസ് സ്റ്റാൻഡ് റോഡ് നവീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 562260 | 497022 06.07.2022 | കെ.സജയകുമാർ, പുത്തൻപുരയിൽ, വിജയഭവനം, സീതത്തോട്. |
| 5 | 283/2021-22, 55/2022-23, മഴക്കെടുതിയിൽ തകർന്ന തേക്കുമൂട് റോഡ് പുനരുദ്ധാരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 550000 | 541247 14.07.2022 | ലെഞ്ചു മോൻസി |
| | ആകെ | 4680260 | | |

ഇവയിൽ ആദ്യ പദ്ധതിയായ ഗുരുനാഥൻ മണ്ണ് സ്കൂളിൽ സംരക്ഷണ ഭിത്തി നിർമ്മാണം എന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിയോജനം കാരണം തുക മാറാതെ വരികയും കരാറുകാരൻ ബഹു കേരള ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിച്ച് കരാർ തുക വാങ്ങുകയും ചെയ്തിരുന്നു.

16.02.2022 ലെ 19(7) ാം നമ്പർ തീരുമാനപ്രകാരം ഗുരുനാഥൻ മണ്ണ് ട്രൈബൽ UPS PTA നൽകിയ കത്ത് പ്രകാരം 2018 ലെ മഴയിൽ സ്കൂൾ സംരക്ഷണഭിത്തി തകർന്നതിനാൽ ആയത് അടിയന്തിരമായി ക്വട്ടേഷൻ ക്ഷണിച്ച് നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തിയിരുന്നു.

25.02.2022 ൽ ക്ഷണിച്ച അടിയന്തിര ക്വട്ടേഷന് നാല്പ കരാറുകാർ ക്വട്ടേഷൻ നൽകിയിരുന്നു. 07.03.2022 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3(3) തീരുമാന പ്രകാരം കുറവു ക്വോട്ട് ചെയ്ത ശ്രീ കെ സജയകുമാറിനു (1.77% Below) പ്രവൃത്തി നൽകുകയും ചെയ്തു. 22.03.2022 ൽ എഗ്രിമെന്റ് വയ്ക്കുകയും നിർമ്മാണം ആരംഭിക്കുകയും 09.05.2022 ൽ ഭാഗികമായി പ്രവൃത്തി പൂർത്തീകരിക്കുകയും 1751089 രൂപയുടെ പാർട്ട്ബില്ല് തയ്യാറാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 02.06.2023 ൽ പ്രവൃത്തി പൂർത്തീകരിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

02-12-2022 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പദ്ധതിയിൽ നടന്ന അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നു. ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാര പ്രകാരം പദ്ധതി ടെണ്ടർ മുഖേന നടപ്പാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു എന്നും അഭിപ്രായപ്പെട്ടിരുന്നു.

16.03.2023 ലെ രണ്ടാം അജണ്ട പ്രകാരം കരാറുകാരൻ ബഹു കേരള ഹൈക്കോടതിയിൽ WP(C) No.41805/2022 പരാതി നൽകിയിട്ടുണ്ടെന്നും കോടതി ഉത്തരവു പ്രകാരം കരാറുകാരനു തുക നൽകുന്നതിനും ഭരണസമിതി തീരുമാനിച്ചിരുന്നു. വിധിന്യായം കൈപ്പറ്റി മൂന്നു മാസത്തിനകം എല്ലാ വിധ പരിശോധനകളും പൂർത്തിയാക്കി തുക നൽകുന്നതിനാണ് കോടതി നിർദ്ദേശമെന്ന് സെക്രട്ടറി ഈ യോഗത്തിൽ അറിയിച്ചു. എന്നാൽ പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വീഴ്ചകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനാണ് അക്കൗണ്ടബിലിറ്റി എന്നും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി നൽകുന്ന റിക്വിസിഷൻ അംഗീകരിച്ച് നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനമെടുത്തു.

അംഗീകരിച്ച പ്രൊജക്ടുകളിലെ നിർവ്വഹണരീതിയിൽ മാറ്റം വരുത്തി.

06.11.2021 ലെ 1(6) ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം മേൽ ടേബിളിലെ ക്രമ നം 2,5 എന്നീ പദ്ധതികൾ ഉൾപ്പെടെ 14 പ്രവൃത്തികൾ ക്വട്ടേഷനുകൾ മുഖേന നടത്താൻ ഭരണ സമിതി അസിസ്റ്റന്റ് എഞ്ചിനീയർക്കു നിർദ്ദേശം

നൽകിയതായുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റി മിനിട്സ് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു ഹാജരാക്കിയിരുന്നു. എന്നാൽ സകർമ്മ പരിശോധനയിൽ ആകെ 7 പ്രവൃത്തികൾ ക്വട്ടേഷൻ മുഖേന നടപ്പാക്കാൻ ഭരണസമിതി തീരുമാനമെടുത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യാജമായി മിനിട്സ് തയ്യാറാക്കിയത് സംബന്ധിച്ച 2020-21 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15 ൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ ഈ പതിന്നാലു പ്രവൃത്തികൾക്കും 20.12.2021 ൽ ക്വട്ടേഷനുകൾ ക്ഷണിച്ചതായും ഇവ 30.12.2021 ൽ കൂടിയ I(1) ാം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചതായും മിനിട്സ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതികളിൽ പത്ത് എണ്ണം 2021-22 ൽ നടപ്പാക്കിയിട്ടുമുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35,36/03.10.2023) മറുപടിയായി അടിയന്തിരമായി ഈ പ്രവൃത്തികൾ ചെയ്യേണ്ടതിനാലാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അറിവോടെയും അംഗീകാരത്തോടെയുമാണ് ക്വട്ടേഷനുകൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിച്ചതും അവ നടപ്പാക്കിയതും. ഇത് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നിർദ്ദേശങ്ങളുടേയും ചട്ടങ്ങളുടേയും ലംഘനമാണ്. ഒരു ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കും അസിസ്റ്റന്റ് എഞ്ചിനീയറിനും മാത്രമായി ഇവ ലംഘിക്കുന്നതിന് യാതൊരു അധികാരവുമില്ല. അത് സർക്കാർ സംവിധാനങ്ങളോടുള്ള നിരുത്തരവാദപരമായ സമീപനമായി ഓഡിറ്റ് വിലയിരുത്തുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വിഷയത്തിൽ അന്വേഷണം നടത്തി ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അപാകതകൾ നിലനിൽക്കുന്നതിനാൽ ക്വട്ടേഷൻ മുഖേന ചെലവഴിച്ച ₹4680260 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 കിഴങ്ങ് വർഗ്ഗ കൃഷി -ജനറൽ എന്ന പദ്ധതിയിലെ കിറ്റ് വിതരണത്തിലെ അപാകതകൾ.

കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതി പ്രകാരം 1000 രൂപയുടെ 2500 കിറ്റുകൾ വിതരണം നടത്തിയതിനു വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ ചെലവഴിച്ചിരുന്നു.എല്ലാ കിറ്റിലും ഒരേ അളവിൽ കിഴങ്ങു വിളകൾ വിതരണം നടത്തിയതിനാണ് 25 ലക്ഷം രൂപ കെയ്‌കോ എന്ന ഏജൻസിയ്ക്ക് കൃഷി ഓഫീസർ കൈമാറിയത്. എന്നാൽ കിറ്റ് വിതരണത്തിന്റെ കൃത്യമായ രേഖകൾ സൂക്ഷിച്ചിരുന്നില്ല. അപൂർണ്ണമായ ഒരു രജിസ്റ്റർ മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 139/2022-23, കിഴങ്ങ് വർഗ്ഗ കൃഷി ജനറൽ |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് - 2500000 |
| തുക ചെലവഴിച്ചത് | ₹1000000 (ബിൽ നം. 236/30.01.2023)<br>₹1000000 (ബിൽ നം. 255/16.02.2023)<br>₹500000 (ബിൽ നം. 274/22.02.2023)<br>ആകെ - ₹2500000 |
| കരാറുകാരൻ/ ഏജൻസി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ,<br>തിരുവല്ല. |

ഇൻവോയിസുകൾ പ്രകാരം ഒരു കിറ്റിൽ ഉൾപ്പെടുത്തിയ കിഴങ്ങ് വിളകളുടെ വിലയും അളവും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഒരു കിറ്റിലുള്ള കിഴങ്ങ് വിളകളുടെ അളവും വിലയും | ഇൻവോയിസ് നമ്പർ/തീയതി | ആകെ വിതരണം നടത്തിയ കിറ്റുകൾ | KAICO യ്ക്ക് നൽകിയ തുക |
|---|---|---|---|---|
| 1 | ചേന-6.50Kg @ 50/Kg = 325<br>കാച്ചിൽ 4 Kg @ 50/Kg= 200<br>ചേമ്പ് 2 Kg @ 80/Kg = 160<br>ഇഞ്ചി 2.5Kg @ 80/ Kg = 200<br>മഞ്ഞൾ 2.30 @ 50 /Kg = 115<br>ആകെ - ₹1000 / കിറ്റ് | V-937A/2022-23; 17.02.2023 | 500 | 500x₹1000 = ₹500000 |
| 2 | | V-617A/2022-23; 12.01.2023 | 500 | 350x₹1428 = ₹499800 |
| 3 | | V-618A/2022-23; 12.01.2023 | 500 | 350x₹1428 = ₹499800 |
| 4 | | V-829A/2022-23; 08.02.2023 | 500 | 350x₹1428 = ₹499800 |

| | | | | |
|---|---|---|---|---|
| 5 | | V-830A/2022-23;<br>08.02.2023 | 500 | |
| | ആകെ | | 2500 | ₹25,00,000 |

പദ്ധതിയുടെ നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1.വിതരണം നടത്തിയത് എന്നാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

കെയ്കോ നൽകിയ ഇൻവോയിസുകൾ പ്രകാരം 25 ലക്ഷം രൂപ 2023 ജനവരി,ഫെബ്രുവരി മാസങ്ങളിലായി കൃഷി ഓഫീസർ കെയ്കോയ്ക്ക് കൈമാറി. എന്നാൽ വാർഡുകളിൽ കിറ്റുകൾ വിതരണം നടത്തിയ തീയതി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിട്ടില്ല. അതിനാൽ കിറ്റുകൾ എന്നാണ് വിതരണം നടത്തിയതെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. അപാകതകൾക്ക വിശദീകരണം ആവശ്യപ്പെട്ട കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/25.09.2023) മറുപടിയായി 12/01/2023, 20/01/2023, 17/02/2023, 23/02/2023, 28/02/2023 എന്നീ തീയതികളിലാണ് കിറ്റുകൾ വിതരണം നടത്തിയതെന്ന് കൃഷി ഓഫീസർ മറുപടി നൽകി.

2. കിറ്റുകളുടെ ഗുണനിലവാരവും ഗുണമേന്മയും മോണിറ്റർ ചെയ്യപ്പെട്ടില്ല . പർച്ചേസിംഗ് കമ്മിറ്റി കൂടിയിട്ടില്ല .

ഓഡിറ്റിനു ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 13 വാർഡുകളിലുമായി ആകെ 1733 പേർക്കു വിതരണം നടത്തിയതിന്റെ കൈപ്പറ്റ് വിവരങ്ങളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 154 | 8 | 67 |
| 2 | 154 | 9 | 55 |
| 3 | 0 | 10 | 178 |
| 4 | 195 | 11 | 164 |
| 5 | 181 | 12 | 71 |
| 6 | 232 | 13 | 146 |
| 7 | 136 | ആകെ | 1733 |

ഈ രജിസ്റ്ററിന്റെ അവസാന ഭാഗത്ത് വാർഡ് 3 ഒഴികെയുള്ള മറ്റ് വാർഡുകളിലെ 1167 വ്യക്തികളുടെ പേരും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ട് (27+154+112+90+70+54+151+71+122+49+177+90 =1167). ഇപ്രകാരം ജനറൽ വിതരണ രജിസ്റ്ററിൽ ആകെ 2900(2500+400) വ്യക്തികളുടെ പേരും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 400 ഗുണഭോക്താക്കൾക്ക് പ്രൊജക്റ്റ് നമ്പർ 239 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 400000 രൂപ ഉപയോഗിച്ച് കിറ്റുകൾ വിതരണം നടത്തിയതാണ് . ഈ തുകയും കെയ്കോ എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത് (ബിൽ നമ്പർ -477/28.03.2023 -40,000) , ഇൻവോയിസ് നമ്പർ-V 1956A/22-23; 28.03.2023). ഏതു പദ്ധതിയിൽ നിന്നുള്ള ഗുണഭോക്താക്കൾക്കാണ് കിറ്റുകൾ നൽകിയതെന്നുള്ള വ്യക്തമായ യാതൊരു രേഖപ്പെടുത്തലും ഈ രജിസ്റ്ററിൽ ഇല്ല. പേരുകളും ഒപ്പും മാത്രമാണ് ഈ രജിസ്റ്ററിൽ ഉള്ളത്.

29 ലക്ഷം രൂപയുടെ കിഴങ്ങു വിളകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭിച്ചതെന്നും ലഭിച്ച കിറ്റുകൾ ഗുണനിലവാരമുള്ളതും അളവിലും തൂക്കത്തിലും കെയ്കോ ഹാജരാക്കിയ ബില്ലുകൾ പ്രകാരമാണോ എന്നതിനെ സാധൂകരിക്കുന്ന യാതൊരു മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല. കിറ്റുകളുടെ വാങ്ങൽ സംബന്ധിച്ച ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല.

തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വിശദമായ മാർഗ്ഗരേഖ 08/11/2010 ലെ G.O(P) നം.259/2010/LSGD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ എല്ലാ വാങ്ങലുകളും പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരിക്കണം. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അറിവോ അനുമതിയോ ഇല്ലാതെ യാതൊരു വാങ്ങലുകളും നടത്താൻ പാടില്ലായെന്നാണ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ നിഷ്കർശിച്ചിട്ടുള്ളത്. എന്നാൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് മേൽ പറഞ്ഞ വാങ്ങലുകൾ കൃഷി ഓഫീസർ നടത്തിയിട്ടുള്ളത്.

പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ 29 ലക്ഷം രൂപയുടെ വാങ്ങലുകൾ കൃഷി ഓഫീസർ നേരിട്ട് നടത്തിയത് ഗൗരവതരമാണ്. ഇക്കാരണങ്ങളാൽ മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾ ഗ്രാമപഞ്ചായത്തിലെ എല്ലാ

ഗ്രാമസഭകളിലും ചർച്ച ചെയ്യേണ്ടതും തങ്ങൾക്ക ലഭിച്ച കിറ്റുകൾ മേൽ അളവിലും ഗുണനിലവാരത്തിലും ഉള്ളവയാണോ എന്ന ഉറപ്പാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പ്രൊക്യൂയർമെന്റ് കമ്മിറ്റി തീരുമാനങ്ങളും ഹാജരാക്കാത്തതിനാൽ കിറ്റ് വിതരണത്തിനായി ചെലവഴിച്ച ₹29,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ജനറൽ വിഹിതം -2500000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 400000)

## 1-23 ലൈഫ് - ഭൂമി വാങ്ങിയതിന് സബ്സിഡി -സുതാര്യത ഉറപ്പ് വരുത്തിയില്ല -ഒന്നര വർഷം കഴിഞ്ഞും ഭവനനിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടില്ല

ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (S34/21-22) പ്രകാരം വസ്തു കൈപ്പറ്റിയ ഒട്ടേറെ ഗുണഭോക്താക്കൾ നാളിതുവരെയും പദ്ധതിയുടെ അടുത്ത ഘട്ടമായ ഭവനനിർമ്മാണത്തിന് അപേക്ഷ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വസ്തു നൽകിയ വ്യക്തി | സബ്സിഡി ആയി നൽകിയ തുക | തുക നൽകിയ തീയതി |
|---|---|---|---|---|
| 1 | കാളിയമ്മ, കെ.എഫ്.ഡി.സി കോളനി, ഗവി, വാർഡ് 3 | രജികുമാർ | 200000 | 26-8-2021 |
| 2 | പെരുമാൾ കാളി, " " | | | |
| 3 | രാജൻ, " " | | | |
| 4 | ധർമ്മലിംഗം വി.കെ, " " | | | |
| 5 | കുമാർ വി " " | | | |
| 6 | സെൽവരാജ്, " " | ലക്ഷ്മി, കുട്ടിമുരുപ്പേൽ | 200000 | 23.9.2021 |
| 7 | സുഭാഷിണി, " " | | | |
| 8 | യശോദാ ഗുരുസ്വാമി, " " | | | |
| 9 | ശിവകുമാർ വി " " | മോനിഷ് എബ്രഹാം, മാളിയേക്കമണ്ണിൽ | 200000 | 23.9.2021 |
| 10 | രാധാകൃഷ്ണൻ, " " | | | |
| 11 | ഗംഗമ്മ മുനിയാണ്ടി, " " | | | |
| 12 | വിജയകുമാരി, " " | | | |
| 13 | അയ്യാദുരൈ, | | | |
| 14 | കമലമ്മ, " " | അബ്ദുൾ ലത്തീഫ്, വാഴക്കാലായിൽ | 200000 | 24-9-2021 |
| 15 | വീരസ്വാമി പെരുമാൾ, " " | | | |
| 16 | മുനിയാണ്ടി കാമാച്ചി, " " | | | |
| 17 | മഹേശ്വരൻ, " " | | | |
| 18 | രാജമണി, " " | | | |
| 19 | സരസ്വതി, " " | ജിജി.റ്റി.എൻ & രമ്യ. വി.എസ്, ഐക്കുന്നിൽ | 200000 | 6-10-2021 |
| 20 | രാജലിംഗം, " " | | | |
| 21 | ബാലസുബ്രഹ്മണ്യം, " " | | | |
| 22 | ജയറാം എസ്, " " | | | |
| 23 | ചെല്ലമ്മ, " " | | | |
| 24 | തമിഴ് സെൽവം, " " | തുളസീഭായി.പി.എസ്, ചരുവിൽവീട് | 200000 | 27-10-2021 |

| | | | | |
|---|---|---|---|---|
| 25 | ത്യാഗ്, " " | | | |
| 26 | രാജേശ്വരി, " " | | | |
| 27 | ലക്ഷ്മി, " " | ഷീല, കരയ്ക്കാട്ട്കുന്നേൽ, വാല്പപാറ | 200000 | 12-11-2021 |
| 28 | ചന്ദ്രശ്രീ, " " | | | |
| 29 | സോഫിയ പി " " | സുരേഷ് എം തോമസ്, ആലഞ്ചേരിൽവീട്, ഞാലിയാങ്കുഴി,കോട്ടയം | 200000 | 19-11-2021 |
| 30 | സരസ്വതി, " " | | | |
| 31 | പനീർശെൽവം, " " | സുനോജ് എം തോമസ്, ആലഞ്ചേരിൽവീട്, ഞാലിയാങ്കുഴി, കോട്ടയം | 200000 | 19-11-2021 |
| 32 | ശേവർ, " " | | | 12-11-2021 |
| 33 | പിച്ചായ്, " " | | | |
| 34 | രുഗ്മിണി സുബ്രഹ്മണ്യൻ, " " | അഫ്സൽ, മേലേവീട്ടിൽ, ആങ്ങമൂഴി | 200000 | |
| 35 | രാമദാസ്, " " | ഷിബിന, നൂല്വേലിൽ വീട്, കോട്ടാങ്ങൽ | 200000 | 24-11-21 |
| 36 | വിജയലക്ഷ്മി," " | | | |
| 37 | ജോൺ, " " | | | |
| 38 | സരസ്വതി," " | | | |
| 39 | ഭാനപ്രിയ, " " | | | |
| 40 | രാമു ആർ, " " | ഷിബു കെ, പുത്തൻപുരയ്ക്കൽ, ആങ്ങമൂഴി പി.ഓ | 200000 | 7-12-2021 |
| 41 | പുഷ്പം, " " | രാജഗോപാലപിള്ള, പാനിയ്ക്കമണ്ണിൽ, ആങ്ങമൂഴി | 200000 | 7-12-2021 |
| 42 | ജയറാം, " " | രമണിഭായി, മുണ്ടോലിൽ,കോട്ടമൺപാറ | 200000 | 21-12-2021 |
| 43 | വസന്ത," " | | | |
| 44 | ജയശങ്കർ," " | | | |
| 45 | അന്നമ്മ തോമസ്," " | ശശിധരൻ വി എൻ, വല്ല്യത്തറയിൽവീട്ടിൽ, കോട്ടമൺപാറ | 200000 | 21-12-2021 |
| 46 | മഹേശ്വരി," " | | | |
| 47 | ബേബി കുഞ്ഞൂഞ്ഞ്," " | | | |
| 48 | ഈശ്വരി," " | | | |
| 49 | വിജയചന്ദ്രൻ, " " | രമണി, മുണ്ടോലിൽവീട്, കോട്ടമൺപാറ | 200000 | 21-12-2021 |
| 50 | വിജയലക്ഷ്മി," " | | | |
| 51 | മല്ലിക കറുപ്പണ്ണൻ," " | അർച്ചന.വി.അർജുനൻ, അർച്ചനാലയം, മീനം, പട്ടാഴി, കൊല്ലം | 200000 | 6-1-2022 |
| 52 | മാരി," " | | | |
| 53 | രാമേശ്വരൻ," " | | | |
| 54 | രാജേശ്വരൻ," " | | | |
| 55 | വള്ളിയമ്മ," " | | | |
| 56 | പാർവ്വതി പെരിയസ്വാമി, " " | രാജഗോപാലപിള്ള, പാനിയ്ക്കമണ്ണിൽ, ആങ്ങമൂഴി | 200000 | 1-2-2022 |
| 57 | ബേബി സൈമൺ," " | രാജഗോപാലപിള്ള, പാനിയ്ക്കമണ്ണിൽ, ആങ്ങമൂഴി (പാറയുള്ള പ്രദേശം എന്ന് രജിസ്റ്ററിൽ സൂചിപ്പിച്ചിട്ടുണ്ട്) | 200000 | 1-2-2022 |
| 58 | രാമജയം ആർ, " " | ഷിബു കെ, പുത്തൻപുരയിൽ, | 200000 | 1-2-2022 |

| | | | | |
|---|---|---|---|---|
| | | ആങ്ങമൂഴി (പാറയുള്ള പ്രദേശം എന്ന് രജിസ്റ്ററിൽ സൂചിപ്പിച്ചിട്ടുണ്ട്) | | |
| 59 | ലക്ഷ്മി, " " | രാജഗോപാലപിള്ള, പാനിയ്ക്കമണ്ണിൽ, ആങ്ങമൂഴി | 200000 | 1-2-2022 |
| 60 | മനോൻമണി, " " | ഷാജഹാൻ & ഷൈനി, വാഴവിളയിൽ വീട്, പത്തനംതിട്ട | 200000 | 15-3-2022 |
| 61 | സരസ്വതി, " " | | | 15-3-22 |
| 62 | ലക്ഷ്മി, " " | | | 23-3-22 |
| 63 | ദാനിയേൽകുട്ടി, " " | | | 23-3-22 |
| 64 | ആനന്ദരാജ് വി," " | തോമസ് പി എം, പനന്തോട്ടത്തിൽ, കൊച്ചുകോട്ടമൺപാറ | 200000 | 23-3-2022 |
| 65 | സരസമ്മ," " | | | |
| 66 | മഹേശ്വരി," " | | | |
| 67 | ശശി എൽ," " | | | |

2022-23 ൽ ഒട്ടേറെ ഗുണഭോക്താക്കൾ ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അപേക്ഷ നൽകി കരാറിൽ ഏർപ്പെട്ട് നിർമ്മാണത്തിന്റെ പല ഘട്ടങ്ങൾ പിന്നിട്ടപ്പോഴും, 2021-22 ൽ പദ്ധതി പ്രകാരം ഭൂമി വാങ്ങിയതിന് സബ്സിഡി കൈപ്പറ്റിയ ഭൂരഹിതരായിരുന്ന മേൽസൂചിപ്പിച്ച ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണത്തിന് അപേക്ഷ നൽകി കരാറിൽ ഏർപ്പെടാതിരുന്നതിൽ അസ്വാഭാവികതയുണ്ട്. പദ്ധതിപ്രകാരം മൂന്നുകല്ലിൽ ഭൂരഹിതർക്ക് നൽകിയ വസ്തു ഭൗതിക പരിശോധന നടത്തിയതിൽ, ടി സ്ഥലം ചെങ്കുത്തായ പ്രദേശം ആണെന്നും വസ്തുവിന്റെ എതിർഭാഗത്ത് അപകടകരമായി നിൽക്കുന്ന വലിയ പാറ ഉള്ളതായും മലവെള്ളത്തിന്റെ കുത്തൊഴുക്ക് ഉള്ള പ്രദേശം ആണെന്നും കണ്ടു. ഗുണഭോക്താക്കൾ ആരുംതന്നെ ഇവിടെ ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടുമില്ല.

പദ്ധതി പ്രകാരം ഗുണഭോക്താക്കൾ വാങ്ങിയ വസ്തുന്മേൽ സബ്സിഡി അനുവദിച്ചതു സംബന്ധിച്ച് മോണിട്ടറിംഗ് നടത്താതിരുന്നത് വീഴ്ചയാണ്. വാങ്ങിയ ഭൂമി വാസയോഗ്യമാണോ എന്നതിന്മേൽ വിശദമായ പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മുഖേന അടിയന്തിരമായി മോണിട്ടറിംഗ് സമിതി രൂപീകരിക്കേണ്ടതും അതനുസരിച്ച് ഭരണതലത്തിൽ തുടർനടപടി സ്വീകരിയ്ക്കേണ്ടതുമാണ്. ലൈഫ് ഭവന പദ്ധതിക്കായി പൊതു ഖജനാവിൽ നിന്നും ഭൂമി വാങ്ങുന്നതിനായി 44 ലക്ഷം രൂപ ചെലവഴിച്ചതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 തെങ്ങുകൃഷിയ്ക്ക് വളം വാങ്ങി നൽകൽ പദ്ധതിയിലെ അപാകങ്ങൾ.

പദ്ധതി പ്രകാരം ആകെ 505 (310+195) ഗുണഭോക്താക്കൾക്ക് 50 Kg വീതം വേപ്പിൻ പിണ്ണാക്ക് വിതരണം നടത്തിയിരുന്നു. ഒരു കിലോഗ്രാമിനു 38 രൂപ വിലവരുന്ന വേപ്പിൻ പിണ്ണാക്ക്(ഗ്രേഡ്-1) നൽകിയതായാണ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ വേപ്പിൻ പിണ്ണാക്ക് സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സൗജന്യമായി നൽകാൻ കഴിയുകയില്ല. വളത്തിന്റെ വിലയുടെ 25% ഗുണഭോക്താക്കൾ അടവാക്കേണ്ടിയിരുന്നു. ഗുണഭോക്താക്കൾ ഇപ്രകാരം തുക അടവാക്കിയതിനു യാതൊരു രേഖകളും ഹാജരാക്കാൻ കൃഷി ഓഫീസർക്കു കഴിഞ്ഞിട്ടില്ല. വളം വിതരണത്തിന് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നുള്ള 75% സബ്സിഡി തുകയായ ₹719625 രൂപ കെയ്കോ എന്ന ഏജൻസിയ്ക്ക് നൽകിയിട്ടുമുണ്ട് (441750+277875). അതിനാൽ സർക്കാർ മാർഗ്ഗരേഖ പാലിച്ചാണ് വളം വിതരണം നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റിനു ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ ആകെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 132/2022-23, തെങ്ങുകൃഷിയ്ക്ക് വളം വാങ്ങി നൽകൽ. |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് - 1000000<br>ഗുണഭോക്തൃ വിഹിതം - 250000<br>ആകെ - 1250000 |
| തുക ചെലവഴിച്ചത് | ₹441750 (ബിൽ നം. 241/04.02.2023)<br>₹277875 (ബിൽ നം. 363/08.03.2023)<br>ആകെ - 719625 |

| | |
|---|---|
| കരാറുകാരൻ/ ഏജൻസി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ,<br>തിരുവല്ല. |

ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം (21.06.2022 ലെ ആർ.ഒ1-5=601/2022/DPC/DPO/PTA) ഒരു കിലോഗ്രാം വേപ്പിൻപിണ്ണാക്കിനു 38 രൂപ വില വരുന്നുണ്ട്. കെയ്കോ ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ഇൻവോയിസ് തുക | റിമാർക്സ് |
|---|---|---|
| V-685 A1 മുതൽ V-685 A310 വരെയുള്ള 310 പേരുടെ സ്റ്റേറ്റ്മെന്റ് | 50 Kg X₹38 =₹1900<br>310 No X₹1900 = ₹589000 | 75% സബ്സിഡി തുക . 310x ₹1425 =441750 |
| V-1700 A1 മുതൽ V-1700 A195 വരെയുള്ള 195 പേരുടെ സ്റ്റേറ്റ്മെന്റ് | 50 Kg X₹38 =₹1900<br>195 No X₹1900 = ₹370500 | 75% സബ്സിഡി തുക ,<br>195x ₹1425 =277875 |
| ആകെ | | 719625 |

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താകൾ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല .

505 ഗുണഭോക്താക്കാൾ വളം വാങ്ങുന്നതിനുള്ള ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.ഒരാളിൽ നിന്നും 475 രൂപ വീതം ആകെ 505 പേരിൽ നിന്നും ₹239875 രൂപ പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടവാക്കി നിയമാനുസൃതം കെയ്കോയ്ക്ക് നൽകിയതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.08/25.09.2023) ലഭ്യമാക്കിയില്ല. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരമുള്ള വാർഡ് തലത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 75 | 8 | 65 |
| 2 | 59 | 9 | 20 |
| 3 | 0 | 10 | 45 |
| 4 | 58 | 11 | 68 |
| 5 | 87 | 12 | 48 |
| 6 | 95 | 13 | 52 |
| 7 | 29 | ആകെ | 701 |

(അവശേഷിക്കുന്ന 196 പേർക്കുള്ള (701-505) സബ്സിഡി തുകയായ 279300 രൂപ 2023-24 സാമ്പത്തിക വർഷത്തിൽ കെയ്കോയ്ക്ക് നൽകിയിട്ടുണ്ട്. )

സബ്സിഡി മാർഗ്ഗരേഖ 6.1 പ്രകാരം കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് കെയ്കോ, റെയ്ഡ്കോ, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ജൈവ വളങ്ങൾ വാങ്ങി വിതരണം നടത്തേണ്ടതാണ്. ഇപ്രകാരം വിതരണം നടത്തുമ്പോൾ ഗുണഭോക്തൃ വിഹിതം രസീതു മുഖേന ഈടാക്കുകയും അവയും സബ്സിഡി തുകയും വിതരണക്കാർക്ക നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ പ്രോക്യുയർമെന്റ് കമ്മിറ്റി കൂടിയതായോ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തുന്നതിനു തീരുമാനിച്ചതായോ കണ്ടില്ല. ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുമില്ല. പ്രൊക്യുയർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് കൃഷി ഓഫീസർ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. അപാകതയ്ക്ക് കൃഷി ഓഫീസർ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല .

ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നതായിട്ടാണ് അംഗീകരിച്ച പദ്ധതിയിൽ രേഖപ്പെടുത്തിയിരുന്നത്. ആയത് പ്രകാരം കൃഷി ഓഫീസർ നൽകുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കർഷകൻ നേരിട്ട് വളം വാങ്ങുകയും വളം

വാങ്ങിയതിന്റെ ഇൻവോയിസുകൾ ഹാജരാക്കുമ്പോൾ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ വളം വിതരണത്തിന്റെ ഇൻവോയിസ് നമ്പർ , പെർമിറ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് മാത്രം തയ്യാറാക്കുകയും സബ്സിഡി തുകയായ ₹719625 കെയ്ക്കോയ്ക്ക് നൽകുകയുമാണ് ചെയ്തത്.

ഗുണഭോക്തൃ വിഹിതം കർഷകർ നേരിട്ട് ചെലവഴിക്കുമ്പോൾ നിർബന്ധമായും കർഷകന്റെ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക കൈമാറേണ്ടത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) 115/2022/Lsgd ; 28.05.2022 ) പാലിക്കാതെ സബ്സിഡി തുക കെയ്ക്കോയ്ക്ക് കൈമാറിയതിനാൽ ഇതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ₹719625 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകാതിരുന്നതിനും പ്രൊക്യൂയർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനും ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.

## 1-25 കുരുമുളക് കൃഷി വനിത പദ്ധതിയിലെ വളം വിതരണത്തിൽ അപാകതകൾ.

പദ്ധതി പ്രകാരം ആകെ 222 ഗുണഭോക്താക്കൾക്ക് 50 Kg വേപ്പിൻ പിണ്ണാക്ക് വീതം വിതരണം നടത്തിയിരുന്നു. ഒരു കിലോഗ്രാമിനു 38 രൂപ വിലവരുന്ന വേപ്പിൻ പിണ്ണാക്ക്(ഗ്രേഡ്-1) നൽകിയതായാണ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ വേപ്പിൻ പിണ്ണാക്ക് സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സൗജന്യമായി നൽകാൻ കഴിയുകയില്ല. വളത്തിന്റെ വിലയുടെ 25% ഗുണഭോക്താക്കൾ അടവാക്കേണ്ടിയിരുന്നു. എന്നാൽ ഗുണഭോക്താക്കൾ ഇപ്രകാരം തുക അടവാക്കിയതിനു യാതൊരു രേഖകളും ഹാജരാക്കാൻ കൃഷി ഓഫീസർക്കു കഴിഞ്ഞിട്ടില്ല. വളം വിതരണത്തിന് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നുള്ള 75% സബ്സിഡി തുകയായ ₹ 316350 രൂപ കെയ്ക്കോ എന്ന ഏജൻസിയ്ക്ക് നൽകിയിട്ടുമുണ്ട്. അതിനാൽ സർക്കാർ മാർഗ്ഗരേഖ പാലിച്ചാണ് വളം വിതരണം നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റിനു ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ ആകെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 158/2022-23, കുരുമുളക് കൃഷി വനിത |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് - 500000<br>ഗുണഭോക്തൃ വിഹിതം - 125000<br>ആകെ - 625000 |
| തുക ചെലവഴിച്ചത് | ₹316350 (ബിൽ നം. 1256/16.02.2023) |
| കരാറുകാരൻ/ ഏജൻസി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ,<br>തിരുവല്ല. |

ബഹു പത്തനംതിട്ട ജില്ലാ കളക്ടറുടെ പതിന്നാലാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം (21.06.2022 ലെ ആർ.ഓ-5=601/2022/DPC/DPO/PTA) ഒരു കിലോഗ്രാം വേപ്പിൻപിണ്ണാക്കിനു 38 രൂപ വില വരുന്നുണ്ട്. കെയ്ക്കോ ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ഇൻവോയിസ് തുക | റിമാർക്ക്സ് |
|---|---|---|
| V-760A1 മുതൽ V-760 A222 വരെയുള്ള 222 പേരുടെ സ്റ്റേറ്റ്മെന്റ് | 50 Kg X₹38 =₹1900<br>222 No X₹1900 = ₹421800 | 75% സബ്സിഡി തുക – 222x ₹1425 =316350 |

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

222 ഗുണഭോക്താക്കാൾ വളം വാങ്ങുന്നതിനുള്ള ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല.ഒരാളിൽ നിന്നും 475 രൂപ വീതം ആകെ 222 പേരിൽ നിന്നും ₹105450 രൂപ പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടവാക്കി നിയമാനുസൃതം കെയ്ക്കോയ്ക്ക് നൽകിയതിന്റെയും രേഖകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.09/25.09.2023) ലഭ്യമാക്കിയില്ല. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരമുള്ള വാർഡ് തലത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 29 | 8 | 39 |

| | | | |
|---|---|---|---|
| 2 | 32 | 9 | 27 |
| 3 | 0 | 10 | 28 |
| 4 | 26 | 11 | 35 |
| 5 | 47 | 12 | 14 |
| 6 | 34 | 13 | 19 |
| 7 | 21 | ആകെ | 351 |

(അവശേഷിക്കുന്ന 127 പേർക്കുള്ള (351-222) സബ്സിഡി തുകയായ 180975 രൂപ 2023-24 സാമ്പത്തിക വർഷത്തിൽ കെയ്കോയ്ക്ക് നൽകിയിട്ടുണ്ട്.)

സബ്സിഡി മാർഗ്ഗരേഖ 6.1 പ്രകാരം കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് കെയ്കോ, റെയ്ഡ്കോ, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ജൈവ വളങ്ങൾ വാങ്ങി വിതരണം നടത്തേണ്ടതാണ്. ഇപ്രകാരം വിതരണം നടത്തുമ്പോൾ ഗുണഭോക്തൃ വിഹിതം രസീതു മുഖേന ഈടാക്കുകയും അവയും സബ്സിഡി തുകയും വിതരണക്കാർക്കു നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ പ്രൊക്യൂയർമെന്റ് കമ്മിറ്റി കൂടിയതായോ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തിയതിനു തീരുമാനിച്ചതായോ കണ്ടില്ല. ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുമില്ല. പ്രൊക്യൂയർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് കൃഷി ഓഫീസർ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. മേൽ അപാകതകൾക്കു കൃഷി ഓഫീസർ വിശദീകരണം നൽകിയിരുന്നില്ല.

ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല .

ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നതായിട്ടാണ് അംഗീകരിച്ച പദ്ധതിയിൽ രേഖപ്പെടുത്തിയിരുന്നത്. ഇപ്രകാരമാകുമ്പോൾ കൃഷി ഓഫീസർ നൽകുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കർഷകർ നേരിട്ട് ഏജൻസികളിൽ നിന്നും വളം വാങ്ങുകയും ആയതിന്റെ ഇൻവോയിസുകൾ ഹാജരാക്കുമ്പോൾ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 222 പേർക്കുള്ള വളം വിതരണത്തിന്റെ ഇൻവോയിസ് നമ്പർ , പെർമിറ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് മാത്രം തയ്യാറാക്കുകയും സബ്സിഡി തുകയായ ₹316350 കെയ്കോയ്ക്ക് നേരിട്ട് നൽകുകയും ചെയ്തത് ക്രമപ്രകാരമല്ല.

ഗുണഭോക്തൃ വിഹിതം കർഷകർ നേരിട്ടു ചെലവഴിക്കുമ്പോൾ നിർബന്ധമായും കർഷകന്റെ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക കൈമാറേണ്ടത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) 115/2022/Lsgd ; 28.05.2022 ) പാലിക്കാതെ സബ്സിഡി തുക കെയ്കോയ്ക്ക് കൈമാറിയതിനാൽ ഇതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ₹316350 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകാതിരുന്നതിനും പ്രൊക്യൂയർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിനും ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.

## 1-26 പട്ടിക ജാതി വിഭാഗത്തിലുള്ളവർക്കുള്ള കിഴങ്ങ് വിള കിറ്റ് വിതരണം പദ്ധതിയിൽ അപാകതകൾ

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട 505 കർഷകർക്ക് (305-പുരുഷൻമാർ, 200- സ്ത്രീകൾ) ഇടവിള കൃഷി ചെയ്യുന്നതിനായി കിറ്റുകൾ വിതരണം നടത്തുന്നതായിരുന്ന പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 247 പേർ മാത്രമാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ 1000 രൂപയുടെ 1000 കിറ്റുകൾ ഈ പദ്ധതിയിൽ വിതരണം നടത്തിയതിനു ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. എല്ലാ കിറ്റിലും ഒരേ അളവിൽ കിഴങ്ങു വിളകൾ വിതരണം നടത്തിയതിനാണ് 10 ലക്ഷം രൂപ കെയ്കോ എന്ന ഏജൻസിയ്ക്ക് കൃഷി ഓഫീസർ കൈമാറിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 140/2022-23, ഇടവിള കിറ്റ് വിതരണം |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് - 1000000 |
| തുക ചെലവഴിച്ചത് | ₹400000 (ബിൽ നം. 254/16.02.2023)<br>₹400000 (ബിൽ നം. 271/20.02.2023)<br>₹200000 (ബിൽ നം. 370/09.03.2023)<br>ആകെ - ₹1000000 |
| കരാറുകാരൻ/ ഏജൻസി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ,<br>തിരുവല്ല. |

ഇൻവോയിസുകൾ പ്രകാരം ഒരു കിറ്റിൽ ഉൾപ്പെടുത്തിയ കിഴങ്ങ് വിളകളുടെ വിലയും അളവും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഒരു കിറ്റിലുള്ള കിഴങ്ങ് വിളകളുടെ അളവും വിലയും | ഇൻവോയിസ് നമ്പർ/തീയതി | ആകെ വിതരണം നടത്തിയ കിറ്റുകൾ | KAICO യ്ക്ക് നൽകിയ തുക |
|---|---|---|---|---|
| 1 | ചേന-6.50Kg @ 50/Kg = 325<br>കാച്ചിൽ 4 Kg @ 50/Kg= 200<br>ചേമ്പ് 2 Kg @ 80/Kg = 160<br>ഇഞ്ചി 2.5Kg @ 80/ Kg = 200<br>മഞ്ഞൾ 2.30 @ 50 /Kg = 115<br>ആകെ - ₹1000 / കിറ്റ് | V-656A/2022-23; 20.01.2023 | 400 | 400x₹1000 = ₹400000 |
| 2 | | V-657A/2022-23; 20.01.2023 | 400 | 400x₹1000 = ₹400000 |
| 3 | | V-1065A/2022-23; 23.02.2023<br>V-1064A/2022-23; 23.02.2023 | 100<br>100 | 100x₹1000 = ₹100000<br>100x₹1000 = ₹100000 |
| | ആകെ | | 1000 | ₹10,00,000 |

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വിതരണം നടത്തിയ കിറ്റുകളിൽ വ്യത്യാസം .

ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 247 പേർക്കാണ് കിറ്റുകൾ വിതരണം നടത്തേണ്ടത്. എന്നാൽ പട്ടികജാതി വിഭാഗത്തിനുള്ള വിതരണ രജിസ്റ്റർ പ്രകാരം 346 പേർക്ക് രണ്ടും മൂന്നും കിറ്റുകൾ വീതം നൽകിയതായിട്ടാണ് രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളത്. ഇതു കണക്കുകൂട്ടിയാൽ തന്നെ ആകെ 868 കിറ്റുകൾ വിതരണം നടത്തിയതായിട്ടാണ് രജിസ്റ്ററിലുള്ളത്. അവശേഷിക്കുന്ന 132 കിറ്റുകളുടെ വിതരണ വിവരം ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.06/25.09.2023) നൽകിയതിനെത്തുടർന്ന് ജനറൽ വിഭാഗത്തിനുള്ള രജിസ്റ്ററിൽ പേജ് നമ്പർ 123 ൽ അവശേഷിക്കുന്നവരുടെ പേരും ഒപ്പും ഹാജരാക്കിയിരുന്നു. എന്നാൽ പട്ടികജാതി വിഭാഗത്തിനുള്ള വിതരണ രജിസ്റ്ററിൽ ധാരാളം പേജുകൾ അവശേഷിക്കവെ ജനറൽ രജിസ്റ്ററിൽ അവശേഷിക്കുന്ന 132 കിറ്റുകളുടെ വിതരണം നടത്തിയതായി രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല. ആദ്യ രജിസ്റ്റർ പ്രകാരം കിറ്റുകൾ നൽകിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്തൃ ലിസ്റ്റിലുള്ളവരുടെ എണ്ണം | കിറ്റ് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ കിറ്റുകളുടെ എണ്ണം | വാർഡ് നമ്പർ | ഗുണഭോക്തൃ ലിസ്റ്റിലുള്ളവരുടെ എണ്ണം | കിറ്റ് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ കിറ്റുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 39 | 37 | 111 (37x3) | 8 | 15 | 12 | 24 (12x2) |
| 2 | 28 | 41 | 123 (41x3) | 9 | 16 | 40 | 120 (40x3) |
| 3 | 0 | 12 | 24 (12x2) | 10 | 18 | 27 | 54 ()27x2) |
| 4 | 26 | 28 | 56 (28x2) | 11 | 12 | 12 | 24 (12x2) |
| 5 | 29 | 34 | 102 (34x3) | 12 | 18 | 39 | 78 (39x2) |
| 6 | 8 | 26 | 76 24x3+2x2 | 13 | 32 | 25 | 50 (25x2) |
| 7 | 6 | 13 | 26 (13x2) | ആകെ | 247 | 346 | 868 |

ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്കും കിറ്റുകൾ നൽകി.

ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത 99 പേർക്ക് കൂടി കിറ്റുകൾ വിതരണം നടത്തിയതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ വാക്കാലുള്ള നിർദ്ദേശത്തെത്തുടർന്നാണ് 99 പേർക്കു കൂടി കിറ്റുകൾ നൽകിയതെന്നു കൃഷി ഓഫീസർ ഓഡിറ്റിനു മറുപടി നൽകി. ലിസ്റ്റിൽ ഇല്ലാത്തവർക്ക് കിറ്റുകൾ വിതരണം നടത്തിയതിന് തുടർന്നുള്ള ഗ്രാമസഭകളിൽ നിന്നും സാധൂകരണം ലഭ്യമാക്കുമെന്നും കൃഷി ഓഫീസർ ഓഡിറ്റിനെ അറിയിച്ചു. ഗുണഭോക്തൃ ലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുമ്പോൾ അതു ഗ്രാമസഭയുടെ മുൻകൂർ അനുമതിയോടെ

ആയിരിക്കണമെന്ന നിബന്ധന ഇവിടെ ലംഘിക്കപ്പെട്ടു.

വിതരണം നടത്തിയതെന്നാണെന്ന രേഖപ്പെടുത്തിയിട്ടില്ല .

കെയ്കോ നൽകിയ ഇൻവോയിസുകൾ പ്രകാരം 10 ലക്ഷം രൂപ 2023 ജനവരി,ഫെബ്രുവരി മാസങ്ങളിൽ കൃഷി ഓഫീസർ കെയ്കോയ്ക്ക് കൈമാറി. കിറ്റുകൾ വിതരണം നടത്തിയ തീയതികളോ മറ്റോ കൃഷി ഓഫീസർ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിട്ടില്ല. അതിനാൽ കിറ്റുകൾ എന്നാണ് വിതരണം നടത്തിയതെന്ന അറിയാൻ കഴിഞ്ഞിട്ടില്ല. ബിൽ തീയതിയിലാണ് ഇവ ഗ്രാമപഞ്ചായത്തിൽ ലഭ്യമായതെന്ന കൃഷി ഓഫീസർ ഓഡിറ്റിന മറുപടി നൽകിയിട്ടുണ്ട്.

10 ലക്ഷം രൂപയുടെ കിഴങ്ങു വിളകൾ വിതരണം നടത്തി എന്നതിന് ഓഡിറ്റിന് ആകെ ലഭ്യമായത് ഒരു രജിസ്റ്ററും അതിലെ കുറേ ഒപ്പുകളും മാത്രമാണ്. അതിനാൽ ഇവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭിച്ചതെന്നും ലഭിച്ച കിറ്റുകൾ ഗുണനിലവാരമുള്ളതും കെയ്കോ ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള അളവിലും തൂക്കത്തിലുമുള്ള കിറ്റുകളാണോയെന്നും ഉറപ്പില്ല. പദ്ധതി മോണിറ്ററിംഗിന വിധേയമാക്കിയിട്ടില്ല.

കിറ്റുകളുടെ വാങ്ങൽ സംബന്ധിച്ച ഗ്രാമപഞ്ചായത്ത് പ്രൊക്യൂയർമെന്റ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല.

തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വിശദമായ മാർഗ്ഗരേഖ 08/11/2010 ലെ G.O(P) നം.259/2010/LSGD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ എല്ലാ വാങ്ങലുകളും പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരിക്കണം. പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ അറിവോ അനുമതിയോ ഇല്ലാതെ യാതൊരു വാങ്ങലുകളും നടത്താൻ പാടില്ലായെന്നാണ് പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് മേൽ പറഞ്ഞ വാങ്ങലുകൾ കൃഷി ഓഫീസർ നടത്തിയിട്ടുള്ളത്.

പ്രൊക്യൂയർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ 10 ലക്ഷം രൂപയുടെ വാങ്ങലുകൾ കൃഷി ഓഫീസർ നേരിട്ട് നടത്തിയത് ഗൗരവതരമാണ്. ഇക്കാരണങ്ങളാൽ മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾ ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും ചർച്ച ചെയ്യേണ്ടതും തങ്ങൾക്കു ലഭിച്ച കിറ്റുകൾ മേൽ അളവിലും ഗുണനിലവാരത്തിലും ഉള്ളവയാണോ എന്ന ഉറപ്പാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പ്രൊക്യൂയർമെന്റ് കമ്മിറ്റി തീരുമാനങ്ങളും ഹാജരാക്കാത്തതിനാൽ കിറ്റ് വിതരണത്തിനായി ചെലവഴിച്ച ₹10,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 വാഴകൃഷി വികസനം പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.

പദ്ധതി പ്രകാരം ആകെ 551 ഗുണഭോക്താക്കൾക്ക് 50 ഏത്തവാഴ വിത്തുകൾ വീതം സൗജന്യമായി വിതരണം നടത്തിയിരുന്നു. (340+211). ഇതോടൊപ്പം ഓരോ ഗുണഭോക്താവിനും വേപ്പിൻ പിണ്ണാക്കും വിതരണം നടത്തിയിരുന്നു. എന്നാൽ വേപ്പിൻ പിണ്ണാക്ക് സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സൗജന്യമായി നൽകാൻ കഴിയുകയില്ല. വളത്തിന്റെ വിലയുടെ 25% ഗുണഭോക്താക്കൾ അടവാക്കേണ്ടിയിരുന്നു. എന്നാൽ ഗുണഭോക്താക്കൾ ഇപ്രകാരം തുക അടവാക്കിയതിന യാതൊരു രേഖകളും ഹാജരാക്കാൻ കൃഷി ഓഫീസർക്കു കഴിഞ്ഞിട്ടില്ല. വളം വിതരണത്തിന് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നുള്ള 75% സബ്സിഡി തുകയായ ₹785175 രൂപ കെയ്കോയ്ക്ക് നൽകിയിട്ടുമുണ്ട് (484500+300675). അതിനാൽ സബ്സിഡി മാർഗ്ഗരേഖ പാലിച്ചാണ് വളം വിതരണം നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റിന ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ ആകെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 130/2022-23, ഞങ്ങളും കൃഷിയിലേക്ക് - വാഴകൃഷി വികസനം |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് - 1200000<br>ഗുണഭോക്തൃ വിഹിതം - 261725 |
| തുക ചെലവഴിച്ചത് | ₹484500 (ബിൽ നം. 197/30.12.2022)<br>₹255000 (ബിൽ നം. 198/30.12.2022)<br>₹300675 (ബിൽ നം. |

| | |
|---|---|
| | 353/06.03.2023)<br>₹158250 ( ബിൽ നം. 354/06.03.2023)<br>ആകെ - ₹1198425 |
| കരാറുകാരൻ/ ഏജൻസി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ,<br>തിരുവല്ല. |

ബിൽ നമ്പർ 197, 198 പ്രകാരം ആദ്യ ബാച്ചിലുള്ള 340 ഗുണഭോക്താക്കൾക്ക് ഒരു കിലോഗ്രാമിന 38 രൂപ വിലവരുന്ന വേപ്പിൻ പിണ്ണാക്ക് (ഗ്രേഡ്-1) നൽകിയപ്പോൾ ബിൽ നമ്പർ 353,354 പ്രകാരമുള്ള രണ്ടാം ബാച്ചിലുള്ള 211 ഗുണഭോക്താക്കൾക്ക് ഒരു കിലോഗ്രാമിന 50.66 രൂപ വില വരുന്ന ജൈവവളം ആണ് നൽകിയത്. ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം (21.06.2022 ലെ ആർ.ഒ1-5=601/2022/DPC/DPO/PTA) കിലോഗ്രാമിന 50.66 രൂപ വിലവരുന്ന ജൈവവളം ലഭ്യമല്ല. അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/25.09.2023) മറുപടിയായി ക്ലറിക്കൽ തെറ്റ് സംഭവിച്ചതാണെന്നും കിലോഗ്രാമിന 38 രൂപ വരുന്ന വേപ്പിൻ പിണ്ണാക്കാണ് നൽകിയതെന്നും കൃഷി ഓഫീസർ മറുപടി നൽകി. കെയ്കോ ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | ഇൻവോയിസ് നമ്പർ | ഇൻവോയിസ് തുക | റിമാർക്സ് |
|---|---|---|---|
| ₹484500 (ബിൽ നം. 197/30.12.2022) | V-580A1 മുതൽ V-580 A340 വരെയുള്ള 340 പേരുടെ സ്റ്റേറ്റ്മെന്റ് | 50 Kg X₹38 =₹1900<br>340 No X₹1900 = ₹646000 | 75% സബ്സിഡി തുക – 340x ₹1425 =484500 |
| ₹255000 (ബിൽ നം. 198/30.12.2022) | V-513A/19.12.2022<br>V-579A/27.12.2022 | 10000 No X₹15 = 150000<br>7000 No X ₹15 -105000 | ആകെ 340 പേർക്ക് 17000 വാഴവിത്തുകൾ |
| ₹300675 (ബിൽ നം. 353/06.03.2023) | V-1510A1 മുതൽ V-1510A211 വരെയുള്ള 211 പേരുടെ സ്റ്റേറ്റ്മെന്റ് | 37.5 Kg X ₹50.66 =₹1900<br>211 No X ₹1900= ₹400900 | 75% സബ്സിഡി തുക – 211x ₹1425 =300675 |
| ₹158250 ( ബിൽ നം. 354/06.03.2023) | V-686A/21.01.2023 | 10550 No X₹15 = ₹158250 | ആകെ 211 പേർക്ക് 10550 വാഴവിത്തുകൾ |

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താക്കൾ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല .

ഓഡിറ്റിനു ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 13 വാർഡുകളിലുമായി ആകെ 551 പേർക്കു വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രേഖയാണ് ഹാജരാക്കിയത്. എന്നാൽ ഈ ഗുണഭോക്താക്കാൾ വളം വാങ്ങുന്നതിനുള്ള ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഒരാളിൽ നിന്നും 475 രൂപ വീതം ആകെ 551 പേരിൽ നിന്നും ₹261725 രൂപ പിരിച്ചതിന്റെയും ഈ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കി നിയമാനുസൃതം കെയ്കോയ്ക്ക് നൽകിയതിന്റേയും രേഖകൾ ഓഡിറ്റിനു ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. വാർഡ് തലത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 64 | 8 | 45 |
| 2 | 55 | 9 | 25 |
| 3 | 0 | 10 | 47 |
| 4 | 52 | 11 | 36 |

| | | | |
|---|---|---|---|
| 5 | 77 | 12 | 47 |
| 6 | 44 | 13 | 39 |
| 7 | 20 | ആകെ | 551 |

സബ്സിഡി മാർഗ്ഗരേഖ 6.1 പ്രകാരം കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് കെയ്കോ, റെയ്ഡ്കോ, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ജൈവ വളങ്ങൾ വാങ്ങി വിതരണം നടത്തേണ്ടതാണ്. ഇപ്രകാരം വിതരണം നടത്തുമ്പോൾ ഗുണഭോക്തൃ വിഹിതം രസീതു മുഖേന ഈടാക്കുകയും അവയും സബ്സിഡി തുകയും വിതരണക്കാർക്ക നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ പ്രോക്യൂയർമെന്റ് കമ്മിറ്റി കൂടുകയോ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തുന്നതിന തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല, ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുമില്ല. കൃഷി ഓഫീസർ മേൽ അപാകതകൾക്ക വിശദീകരണം നൽകിയില്ല.

ഗുണഭോക്താക്കൾക്ക് സബ്സിഡി അക്കൗണ്ടിലേക്ക് കൈമാറിയില്ല .

ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഇപ്രകാരമാകുമ്പോൾ കർഷകർ നേരിട്ട് ഏജൻസികളിൽ നിന്നും വളവും മറ്റും കൃഷി ഓഫീസറുടെ പെർമിറ്റ് പ്രകാരം കൈപ്പറ്റുകയും ഇൻവോയിസുകൾ ഹാജരാക്കുമ്പോൾ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ വളം വിതരണത്തിന്റെ ഇൻവോയിസ് നമ്പർ , പെർമിറ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് മാത്രം തയ്യാറാക്കുകയും സബ്സിഡി തുകയായ ₹785175 ( 484500+ 300675) കെയ്കോയ്ക്ക് നേരിട്ട് നൽകുകയുമാണ് ഉണ്ടായത്. ആയത് ക്രമപ്രകാരമല്ല.

ഗുണഭോക്തൃ വിഹിതം കർഷകർ നേരിട്ടു ചെലവഴിക്കുമ്പോൾ നിർബന്ധമായും കർഷകന്റെ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക കൈമാറേണ്ടത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) 115/2022/Lsgd ; 28.05.2022 ) പ്രകാരമുള്ള നിർദ്ദേശം പാലിക്കാതെയാണ് സബ്സിഡി തുക കെയ്കോയ്ക്ക് കൈമാറിയിട്ടുള്ളത്.

പ്രൊക്യൂയർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വിശദമായ മാർഗ്ഗരേഖ 08/11/2010 ലെ G.O(P) നം.259/2010/LSGD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ എല്ലാ വാങ്ങലുകളും പഞ്ചായത്ത് തലത്തിൽ രൂപികരിക്കപ്പെട്ട പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരിക്കണം. പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ അറിവോ അനുമതിയോ ഇല്ലാതെ യാതൊരു വാങ്ങലുകളും നടത്താൻ പാടില്ലായെന്നാണ് പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ നിഷ്കർശിച്ചിട്ടുള്ളത്. എന്നാൽ പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് മേൽ പറഞ്ഞ വാങ്ങലുകൾ കൃഷി ഓഫീസർ നടത്തിയിട്ടുള്ളത്. വാങ്ങിയ വളത്തിന്റെ അളവും ഗുണനിലവാരവും സാക്ഷ്യപ്പെടുത്തുന്ന മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല.

ഇക്കാരണങ്ങളാൽ മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾ ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും ചർച്ച ചെയ്യേണ്ടതും തങ്ങൾക്ക ലഭിച്ച വളം മേൽ അളവിലും ഗുണനിലവാരത്തിലും ഉള്ളവയാണോ എന്നു ഉറപ്പാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പ്രൊക്യൂയർമെന്റ് കമ്മിറ്റി തീരുമാനങ്ങളും ഹാജരാക്കാത്തതിനാലും സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകാത്തതിനാലും പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ₹785175 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.

## 1-28 ശബരിമല ഫണ്ട്- തനത് ആവശ്യങ്ങൾക്കായി ചെലവഴിച്ച

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ശബരിമല ഫണ്ടിനത്തിൽ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന തുക(ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി4പ്രകാരം) 51,50,712 രൂപയാണ്. മുൻബാക്കി- 3992947 രൂപ, നടപ്പ് വർഷത്തെ വരവ്- 2207000 രൂപ ഉൾപ്പെടെ ആകെ വരവ്- 6199947 രൂപയും നടപ്പ് വർഷത്തെ ചെലവ് 1049235 രൂപയുമാണ്. 31-03-2023 ൽ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 936193 രൂപയും സർവ്വീസ് സഹകരണ ബാങ്കിൽ അവശേഷിക്കുന്ന തുക 277887 രൂപയും ഉൾപ്പെടെ ആകെ തനത് ഫണ്ടിലെ നീക്കിബാക്കി 1214080 രൂപയാണ്. ശബരിമല ഫണ്ടിന് പ്രത്യേക അക്കൗണ്ട് ഇല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിബാക്കി തുക മേൽപ്പറഞ്ഞ അക്കൗണ്ടുകളിൽ കാണേണ്ടതാണ്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ പര്യാപ്തമായ തുക ഇല്ലാത്തതിനാൽ ശബരിമല ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്നാണ് വ്യക്തമാകുന്നത്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.14/2022-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പഞ്ചായത്തിന്

ശബരിമല സ്പെഷ്യൽ ഫണ്ട് എല്ലാ വർഷവും സർക്കാർ അനുവദിച്ച് നൽകുന്നത്. എന്നാൽ തനത് ഫണ്ട് കുറവായ സാഹചര്യത്തിൽ ഓരോ വർഷവും ശബരിമല ആവശ്യങ്ങൾക്കായി ലഭ്യമാകുന്ന തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന പ്രവണത തുടർന്നുവരികയാണ്.

ശബരിമലയുമായി ഏറ്റവും അടുത്ത് കിടക്കുന്ന ഒരു പ്രദേശമായതിനാൽ തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതും കൃത്യവും സമയബന്ധിതവുമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഭരണ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സമിതി രൂപീകരിച്ച് ഫണ്ട് വിനിയോഗം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്. തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ കുടുംബശ്രീ സംവിധാനവും ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

വർഷാവസാനം (31.3.2023-ന്) ഫണ്ടിനത്തിൽ 5150712 രൂപ ശേഷിക്കുന്നുണ്ട്. ശബരിമല ഫണ്ട് സർക്കാർ ലഭ്യമാക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ എൽ.ജി.റ്റി.എസ്.ബി അക്കൗണ്ടിലേക്കാണ്. എന്നാൽ ചെലവ് നടത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ വിവിധ തനത് ഫണ്ട് അക്കൗണ്ടുകൾ മുഖേനയാണ്. ആതിനാൽ ടി ഫണ്ടിനായി സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക്/ ട്രഷറി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. നിലവിൽ ശബരിമല ഫണ്ടിനത്തിലെ നീക്കിബാക്കി തുക വകമാറ്റി ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിന്നും കണ്ടെത്തി പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കേണ്ടതും തുടർവർഷങ്ങളിൽ ഫണ്ട് വകമാറ്റുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തുനിന്നും നടപടി ഉണ്ടാകേണ്ടതുമാണ്.

## 1-29 മെയിന്റനൻസ് ഫണ്ട്- 1.28 കോടി രൂപ നഷ്ടപ്പെടുത്തി

മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി 2022-23 സാമ്പത്തിക വർഷം 1.28 കോടി രൂപ നഷ്ടപ്പെടുത്തി. ലഭിച്ച ഫണ്ടിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - റോഡ് | 11799000 | 2535835 | 21.49 | 9263165 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 10274000 | 6713391 | 65.34 | 3560609 |
| ആകെ | 22073000 | 9249226 | 41.90 | 12823774 |

മെയിന്റനൻസ് ഗ്രാന്റ് - റോഡ് വിഭാഗത്തിൽ ആകെ 15 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 10 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് വിഭാഗത്തിൽ ആകെ 18 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 16 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. ഗുരുനാഥൻ മണ്ണ്- കോട്ടക്കുഴി റോഡ് പുനരുദ്ധാരണം, ആനചന്ത റോഡ് പുനരുദ്ധാരണം എന്നീ രണ്ട് പ്രവൃത്തികളിലായി മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഇനത്തിലെ 80% തുക വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവുണ്ടായില്ല. നോൺ റോഡ് ഇനത്തിൽ സ്കൂളുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വലിയ തുക വകയിരുത്തിയെങ്കിലും ചെലവ് വളരെ കുറവായിരുന്നതും ഫണ്ട് നഷ്ടമാകുന്നതിന് പ്രധാന കാരണമായിരുന്നു. അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ നിർമ്മാണ മേഖലയിലെ പ്രോജക്ടുകളിലാണ് ഇപ്രകാരം തുക ചെലവഴിക്കാതെ പോയിട്ടുള്ളത്. 2022 ഡിസംബറിന് മുമ്പായി മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി സർക്കാർ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിരുന്നു. ഇപ്രകാരം തുക പൂർണ്ണമായും ലഭിച്ചുവെങ്കിലും വെറും 42% മാത്രമാണ് മെയിന്റനൻസ് വിഭാഗത്തിലെ ചെലവ്. പദ്ധതി ചെലവ് 80%- ത്തിൽ താഴെയായതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക ക്യാരി ഓവർ ചെയ്ത് കിട്ടുകയില്ല. തന്മൂലം പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയാലും ചെലവിനാവശ്യമായ തുക തൻവർഷത്തെ പദ്ധതി തുകയിൽ നിന്നും കണ്ടെത്തണം. ഇത് തൻ വർഷത്തെ പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും.

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടി ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇപ്രകാരം വലിയ തോതിൽ ഓരോ വർഷവും ഫണ്ട് ലാപ്സാകുന്നതിന് കാരണമാകും . പ്രസ്തുത വിഷയം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ സത്വര ശ്രദ്ധക്കായി സമർപ്പിക്കുന്നു.

## 1-30 ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല

സീതത്തോട് ബസ് സ്റ്റാന്റിൽ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബയോഗ്യാസ് പ്ലാന്റ് കേടുപാടുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി 1478835 രൂപ അടങ്കലിൽ ഒരു പ്രോജക്ട് അംഗീകാരം വാങ്ങിയിരുന്നു. പ്രസ്തുത പ്രോജക്ട് പ്രകാരം പ്ലാന്റ് മെയിന്റനൻസ് ചെയ്യുന്നതിനായി ബി.ആർ.ഇ.പി എന്ന സ്ഥാപനം നൽകിയ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24-01-2019-ലെ 12(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് മറ്റ് തുടർപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല

പ്ലാന്റ് പ്രവർത്തനക്ഷമമല്ലെങ്കിലും രണ്ട് താൽക്കാലിക ജീവനക്കാർക്ക് പ്ലാന്റിലെ ജോലികൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ശമ്പളം നൽകി വരുന്നുണ്ട്. ഏത് കാലയളവ് മുതലാണ് പ്ലാന്റ് പ്രവർത്തിക്കാത്തത്, പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.22/22-23) മറുപടി ലഭ്യമാക്കിയില്ല. 2022-23 സാമ്പത്തിക വർഷം 315190 രൂപ രണ്ട് താൽക്കാലിക ജീവനക്കാർക്കായി ശമ്പളമിനത്തിൽ നൽകിയിട്ടുണ്ട്. മാർക്കറ്റിലെ ശുചീകരണവുമായി ബന്ധപ്പെട്ടാണ് പ്രസ്തുത ജീവനക്കാർ ജോലി ചെയ്ത് വരുന്നതെന്നും പ്ലാന്റ് നിലവിലെ സ്ഥലത്ത് തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും ബസ് സ്റ്റാന്റിന് സമീപത്തുനിന്നും മാറ്റി സ്ഥാപിക്കേണ്ടതാണെന്നും ഭരണസമിതി അംഗങ്ങൾ ഓഡിറ്റിനെ അറിയിച്ചത് . ആയതിനാൽ പ്ലാന്റിന്റെ നിലവിലെ സ്ഥിതി, ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സാഹചര്യം എന്നിവ പരിഗണിച്ച് പ്രസ്തുത ജീവനക്കാർ തുടരുന്ന വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തീരുമാനമെടുക്കേണ്ടതാണ്.

## 1-31 എസ്.എസ്.എ -ലഭ്യമാക്കുന്ന പദ്ധതിപ്പണത്തിന് ആനുപാതികമായി പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല

എസ്.എസ്.എ പദ്ധതിയ്ക്ക് വിഹിതം നൽകുന്നതിനായി പ്രോജക്ട് നം. 94/23 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിനത്തിൽ 10,00,000 രൂപ (ബിൽ നം. 24/28.09.22) ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിലുള്ള സ്കൂളുകളിലേക്ക് വേണ്ടിവരുന്ന വിവിധയിനം ചെലവുകളുടെ എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ഗ്രാമപഞ്ചായത്തിന് അയച്ചുനൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക എസ്.എസ്.എ-യ്ക്ക് നൽകിയിട്ടുള്ളത്. തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ-യിൽ നിന്ന് ലഭ്യമായിട്ടില്ല. പദ്ധതി പ്രകാരം ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് തദ്ദേശസ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള ബാധ്യത എസ്.എസ്.എ-യ്ക്ക് ഉണ്ട്. ആയതിനാൽ നൽകിയ തുകയ്ക്ക് ആനുപാതികമായ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

വിവിധ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നിവയിൽ ഡെപ്പോസിറ്റ് ചെയ്ത താഴെച്ചേർക്കുന്ന തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | റിമാർക്സ് |
|---|---|---|
| ഗവി സ്കൂളിന് വൈദ്യുതി കണക്ഷൻ, SO 207/23 | 31,898 | തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ, ട്രാൻസ്ഫോർമർ മാറ്റൽ, സ്ട്രീറ്റ് ലൈൻ വലിക്കൽ, SO 205/23 | 4,00,009 | വിശദമായ എസ്റ്റിമേറ്റ് ലഭ്യമല്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ, SO 206/23 | 1,46,489 | തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| പുതിയ ബോർവെൽ നിർമ്മാണം, SO 72/23 | 3,10,500 | സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ, SO 104/23 | 18,152 | തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതുമാണ്.

## 1-33 പി.എച്ച്.സി സബ്സെന്റർ വാടക ഇനത്തിൽ അധിക തുക നൽകി

പി.എച്ച്.സി. കൊച്ചുകോയിക്കൽ സബ് സെന്റർ വാടകയ്ക്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ (VII/157) 09/2021 മുതൽ 05/2022 വരെ 9 മാസത്തെ വാടകയായി 4500 രൂപ (500/മാസം) കെട്ടിട ഉടമയായ ശ്രീമതി ജമീലയുടെ പേർക്ക്

ബിൽ നം. 11/29.08.2022 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. പിന്നീട് ബിൽ നം. 82/20.03.23 പ്രകാരം ടി കെട്ടിടത്തിന്റെ 09/21 മുതൽ 11/22 വരെ 15 മാസത്തെ വാടകയായി 7500 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് പ്രകാരം 09/21 മുതൽ 05/22 വരെയുള്ള 9 മാസങ്ങളിലെ വാടക രണ്ട് തവണ അനുവദിച്ചത് മൂലം 4500 രൂപയുടെ (9 X 500 = 4500) അധിക ചെലവ് ഉണ്ടായി. വാടകയിനത്തിൽ അധികമായി നൽകിയ 4500 രൂപ തിരികെ ഈടാക്കുകയോ നിലവിൽ ടി കെട്ടിടത്തിൽ തന്നെയാണ് സബ്സെന്റർ പ്രവർത്തിക്കുന്നതെങ്കിൽ വരും മാസങ്ങളിലെ വാടകയിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 28.12.22 മുതൽ 31.12.22 വരെ തീയതികളിൽ വിവിധ വാർഡുകളിൽ ഗ്രാമസഭ കൂടിയതിന് മൈക്ക് സെറ്റ്, ജനറേറ്റർ, വാഹന വാടക, ലേബർ ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള ചെലവായി 46,240 രൂപ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. ശ്രീ വർഗ്ഗീസ് തോമസ് എന്ന വ്യക്തിയ്ക്ക് ബിൽ നം. 88/30.03.23 പ്രകാരമാണ് തുക അനുവദിച്ച് നൽകിയത് പദ്ധതി രൂപീകരണ ചെലവുമായി ബന്ധപ്പെട്ട ചെലവ് അനുവദിച്ച് നൽകിയിട്ടുള്ളത് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾക്കുള്ള പദ്ധതിയിൽ നിന്നാണ്. പദ്ധതി ആസൂത്രണ മോണിട്ടറിംഗ് ചെലവുമായി ബന്ധപ്പെട്ട പ്രോജക്ടിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾക്കുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം. 103/23) ടി ചെലവ് അനുവദിക്കുവാൻ 16.03.2023-ലെ 1(8) നമ്പർ ഭരണസമിതി തീരുമാന പ്രകാരമാണ് സെക്രട്ടറി തുക അനുവദിച്ച് നൽകിയിട്ടുള്ളത്. നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിന് വിരുദ്ധമായ ചെലവായതിനാൽ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിലേക്ക് പരിഹാര വകയിരുത്തൽ നടത്തി അപാകത പരിഹരിക്കേണ്ടതാണ്.

## 1-35 ബാലസഭ പ്രവർത്തനം-അധികതുക ചെലവഴിച്ചു

ബാലസഭാ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 143/23 പ്രകാരം 50,000 രൂപ (ബിൽ നം. 04/09.01.23) ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസ്. വഴിയാണ് തുക ചെലവഴിച്ചിട്ടുള്ളത്. കുട്ടികൾക്കുള്ള പഠനയാത്ര, മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ പരിശീലനം എന്നിവയ്ക്കായാണ് തുക ചെലവഴിച്ചത്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബാലസഭാ പ്രവർത്തനത്തിന് വാർഡ് ഒന്നിന് 1000 രൂപ വീതമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നത്. ഇതുപ്രകാരം 13 വാർഡുകളുള്ള സീതത്തോട് ഗ്രാമപഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്ന തുക 13,000 രൂപയാണ്. അധികമായി തുക ചെലവഴിച്ചതിനെ സാധൂകരിക്കുന്ന നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. അപാകത്തിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 വരൾച്ചാ ദുരിതാശ്വാസം-2022, 2023 വർഷങ്ങളിലെ കുടിവെള്ള വിതരണം-അപാകതകൾ

1. 2022 വർഷത്തെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിയ്ക്കുന്നതിന് പ്രോജക്ട് നം. 71/23 നമ്പർ സ്പിൽ ഓവർ പദ്ധതി പ്രകാരം 7,63,200 രൂപ ചെലവഴിച്ചിട്ടുണ്ട്. 09.03.2022 മുതൽ 19.04.2022 വരെ കുടിവെള്ളം വിതരണം ചെയ്തതിന് ചെലവായ തുകയാണ് പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ ഷിബു വി. തോമസ് എന്ന വ്യക്തിയുടെ ടെണ്ടർ (ഒരു ദിവസം ഒരു വാർഡിൽ 6 ട്രിപ്പ്, 12000 ലിറ്റർ-5300 രൂപ) ഭരണസമിതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് കുടിവെള്ള വിതരണത്തിന് അനുമതി നൽകി.

2. 2023 വർഷത്തെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിയ്ക്കുന്നതിന് പ്രോജക്ട് നം. 03/23 പ്രകാരം 6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 14.02.2023 മുതൽ 28.03.2023 വരെ കുടിവെള്ളം വിതരണം ചെയ്തതിന് ചെലവായ തുകയാണ് പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ ഷിബു വി. തോമസ് എന്ന വ്യക്തിയുടെ ടെണ്ടർ (ഒരു ദിവസം ഒരു വാർഡിൽ 6 ട്രിപ്പ്, 12000 ലിറ്റർ-5999 രൂപ) ഭരണസമിതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് കുടിവെള്ള വിതരണത്തിന് അനുമതി നൽകി.

കുടിവെള്ള വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ചിരിക്കേണ്ടതും ആയതിന്റെ ലോഗ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണെന്ന് സർക്കാർ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിലല്ല ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ആയതിനാൽ ജി.പി.എസ്. ലോഗും

ലഭ്യമല്ല. ഇക്കാരണത്താൽ, കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിന് മുൻപ് ജി.പി.എസ്. ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് ഉറപ്പുവരുത്തുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. വാട്ടർ ടാങ്കുകളിൽ കുടിവെള്ളം വിതരണം ചെയ്ത വിവിധ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ്, ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ പരിഗണിച്ചാണ് വാടക നൽകിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപ്രകാരമുള്ള പ്രത്യേകതകൾ കാരണം മിക്ക സ്ഥലങ്ങളിലും മൊബൈൽ നെറ്റ് വർക്ക് ലഭ്യമല്ലാത്തതിനാൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ, ജി.പി.എസ്. ഘടിപ്പിക്കാത്ത വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനും വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം തുക അനുവദിച്ച് നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതി 07.03.2022-ൽ 1(9) നമ്പരായും (2022-ലേക്ക്) 3.02.2023-ൽ 1-ാം നമ്പരായും (2023-ലേക്ക്) തീരുമാനം എടുത്തിട്ടുണ്ട്. 2022-ലെ തീരുമാനത്തിന് സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി ലഭിക്കുന്നതിന് 28.04.2022-ൽ ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കുകയും 2023-ലെ തീരുമാനത്തിന് സംസ്ഥാന സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭിക്കുന്നതിന് 18.04.2023-ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും 15.07.2023-ൽ സെക്രട്ടറിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് പ്രകാരം പ്രത്യേക അനുമതി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളും രൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നവയായതിനാൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗ്രാമപഞ്ചായത്തിന് പ്രത്യേക ഇളവ് ലഭിക്കുന്നതിന് ആവശ്യമായ നടപടി സർക്കാരിൽ നിന്ന് ഉണ്ടാകുന്നതിന് ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

## 1-37 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ പൊതുജല മാർഗ്ഗങ്ങളും നദികളും തടങ്ങളും തീരങ്ങളും ചെറുപുഴകളും ജലമാർഗ്ഗങ്ങളും കെട്ടി നിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ നീരുറവകളും ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ- 15471/18 തീയതി 08-11-2018 പ്രകാരം ഇപ്രകാരമുള്ള പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണം സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് പുറമ്പോക്ക് സംബന്ധമായ എല്ലാ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും പുറമ്പോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ എല്ലാ പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണത്തിനായി വേലി കെട്ടി സംരക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്ത് ആസ്തിയെന്ന് കാണിച്ച് ബോർഡ് വയ്ക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പുറമ്പോക്ക് സംബന്ധമായി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണത്തിനായി അവ വേലി കെട്ടി സംരക്ഷിക്കുകയോ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്ന് കാണിച്ച് ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 വക്കീൽ ഫീസിനത്തിൽ അധികമായി തുക ചെലവഴിച്ചു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18-02-2016-ലെ സ.ഉ (എം.എസ്) നം.36/12/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വക്കീൽ ഫീസിനത്തിൽ കേസൊന്നിന് പരമാവധി അനുവദിക്കാവുന്ന തുക 15000 രൂപ മാത്രമാണ്. ഒ.പി നം.112/21 പ്രകാരം ബഹു.ഓംബുഡ്സ്മാൻ മുൻപാകെ ഹാജരായതിന് അഡ്വ. അനന്തു.കെ.എസ് എന്നയാൾക്കാണ് ചെക്ക് നം.568653 തീയതി 16-08-2022 പ്രകാരം 25000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച് നൽകി. ഭരണസമിതിയുടെ 19-07-2022- ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അനുവദിച്ച് നൽകിയതിന് ആവശ്യമായ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.14/2022-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത ഉത്തരവ് പ്രകാരം വകുപ്പ് അദ്ധ്യക്ഷൻമാരുടെ അനുമതിയോടുകൂടി കേസൊന്നിന് 50000 രൂപ ചെലവഴിക്കുന്നതിന് അനുമതിയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമൊരു അനുമതി വാങ്ങാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ അധികമായി ചെലവിട്ട 10000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങി ചെലവ് സാധൂകരിക്കാത്തപക്ഷം അധിക ചെലവ് നിരാകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേരും നമ്പരും | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | ഇടവിള കിറ്റ് വിതരണം (140/23) | 1000000 | 1000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി-എസ്.സി (78/23) | 1330000 | 1330000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി-ജനറൽ (79/23) | 1820000 | 1820000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് സബ്ബ്സിഡി (92/23) | 77988 | 77988 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | ഭയങ്കമാംമൂടി എസ്.സി കോളനിയിൽ അംഗനവാടി നിർമ്മാണം (56/23) | 447236 | 447236 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | കിഴങ്ങ് വർഗ്ഗ കൃഷി-വനിത (239/23) | 400000 | 400000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | മാർക്കറ്റ് വികസനം (29/23) | 701720 | 701720 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് സബ്ബ്സിഡി | 90681 | 90681 | 0 |

| | | | | |
|---|---|---|---|---|
| | (92/23) | | | |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (121/23) | 193300 | 193300 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | അംഗനവാടി പോഷകാഹാരം (20/23) | 167770 | 167770 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | മാർക്കറ്റ് വികസനം -ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- ഫേസ് 2 (2/23) | 11283299 | 7302539 | 3980760 |
| | മാർക്കറ്റ് വികസനം -ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- ഫേസ് 3 (159/23) | 12333333 | 12333333 | 0 |
| | മാർക്കറ്റ് വികസനം -ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- മൊബിലൈസേഷൻ ബാലൻസ് തുക നൽകൽ (252/23) | 13084234 | 13084234 | 0 |
| KSEB | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിവിധ വാർഡുകൾ(104/23) | 18152 | 18152 | 0 |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിവിധ വാർഡുകൾ(205/23) | 600000 | 400009 | 199991 |
| | അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ (206/23) | 146489 | 146489 | 0 |
| | ഗവി സ്കൂളിന് വൈദ്യുതി കണക്ഷൻ (206/23) | 31898 | 31898 | 0 |
| ഭൂജല വകുപ്പ് | പുതിയ ബോർവെൽ നിർമ്മാണം (72/23) | 500000 | 310500 | 189500 |
| | ജല സ്രോതസ്സുകളുടെ അറ്റകുറ്റപ്പണികൾ | 775553 | 0 | 775553 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 2 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം 2/2023 | 7302539 (CFC Grant) | 7.3.23 |
| 3 | ടി 159/23 | 12333333 (A Fund) | 73/ 14.3.23 |
| 4 | ടി 252/23 | 13084234 (A Fund) | 74/ 15..3.23 |
| ആകെ | 32720106 | | |

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ലഭിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി-കെ.യു.ആർ.ഡി.എഫ്.സി വായ്പ | | 20139375 | 2618820 | -- | 17520555 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2021-22 | 1-28 | 12817 | രാഘവൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>എൽ.ഐ.ഡി. & ഇ.വി. | 1220100339/28.05.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-7 | 2007-08 | 3.13.1 | ഓഡിറ്റ് സമയത്ത് വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2004-05 | 2(1) | 2009-10 | 2.1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ അപാകത | പരാമർശം നിലനിൽക്കുന്നു |
| 2004-05 | 3(16) | 2009-10 | 2.8 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് പരാമർശം | പരാമർശം നിലനിൽക്കുന്നു |
| 2013-14 | 2.2 | 2016-17 | അദ്ധ്യായം1 (2-2) | സർക്കാർ/അർദ്ധ സർക്കാർ ചുമതലയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അദ്ധ്യായം 1 (2-2) | വസ്തുനികുതി പരിഷ്കരണ നടപടികൾ ആധികാരികമല്ല | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | 2.3(എ) | 2016-17 | അദ്ധ്യായം 2, 2.3 (എ) | തൊഴിൽ നികുതി പിരിവ് അപാകത | പരാമർശം നിലനിൽക്കുന്നു |
| | 2.3(ബി) | 2016-17 | അദ്ധ്യായം 2, 2.3 (ബി) | മൂഴിയാർ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| | 2-3(സി) | 2016-17 | അദ്ധ്യായം 2, 2.3 (സി) | ഗുഡ്രിക്കൽ ഫോറസ്റ്റ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| | 2-4 | 2016-17 | അദ്ധ്യായം 2, 2.4 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2.3 | 2016-17 | അദ്ധ്യായം2 (2.3) | 2015-16 വർഷത്തെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായില്ല | പരാമർശം നിലനിൽക്കുന്നു |
| 2021-22 | 2 | 2021-22 | 1-16 | ആധുനിക വാതക ശ്മശാനം പ്രവർത്തനക്ഷമമായില്ല - നടപടിക്രമങ്ങളിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2021-22 | 2 | 2021-22 | 1-21 | ആങ്ങമൂഴി കുട്ടവഞ്ചി ഇക്കോ ടൂറിസം പദ്ധതി - 7.5 ലക്ഷം രൂപ പാഴായി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 218274829 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 175197013 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13567234 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 3155824 | ശ്രീ രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-21 | 4680260 | ശ്രീ രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 2900000 | ശ്രീമതി അരുണിമ M.N, കൃഷി ഓഫീസർ |
| 1-24 | 719625 | ശ്രീമതി അരുണിമ M.N, കൃഷി ഓഫീസർ |
| 1-25 | 316350 | ശ്രീമതി അരുണിമ M.N,കൃഷി ഓഫീസർ |
| 1-26 | 1000000 | ശ്രീമതി അരുണിമ M.N, കൃഷി ഓഫീസർ |
| 1-27 | 785175 | ശ്രീമതി അരുണിമ M.N,കൃഷി ഓഫീസർ |
| 1-38 | 10000 | ശ്രീ മനോജ് കുമാർ, സെക്രട്ടറി |
| ആകെ | 13567234 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അരുണിമ M.N, കൃഷി ഓഫീസർ | കൃഷി ഓഫീസർ, സീതത്തോട് ഗ്രാമപഞ്ചായത്ത് | കാർത്തിക, കുമ്പഴ നോർത്ത്, മൈലപ്ര പി.ഓ |
| ശ്രീ രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, സീതത്തോട് ഗ്രാമപ്പഞ്ചായത്ത് | വൈകുണ്ഠം, പുത്തനമ്പലം പി.ഓ, കൊല്ലം ജില്ല |
| ശ്രീ മനോജ് കുമാർ ആർ എ, സെക്രട്ടറി(ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, പാങ്ങോട് ഗ്രാമപ്പഞ്ചായത്ത് | ശ്യാമളാലയം, കൃഷ്ണപുരം, നരുവാമൂട് പി.ഓ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-2000 | എൽ.എഫ്.പി.റ്റി.എ./പി.3 /64/2001 തീയതി: 4.2.2001 | 1 (ഖണ്ഡിക27(d)) |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി4/422/03 തീയതി: 7.1.04/2.05.04 | 7 (38,40,41,42,44,45,46) |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി.4/29/06 തീയതി: 03.08.06 | 2 (2-4, 2-19) |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി 4/923/07 തീയതി: 24.3.2008 | 2 (2-2, 2-17) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി5/976/08 തീയതി: 10.07.09 | 8 (3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10 എ) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി5/977/08 തീ.: 30.06.09/29.07.09 | 2 (2-4,3-5) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി5/625/09 തീയതി: 8-12-2010 | 1 (ഖണ്ഡിക3-11) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.5/626/09 തീയതി: 08.12.2010 | 6 (2-9, 3-1, 3-4, 3-8, 3-10, 3-12) |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.5/479/2010 തീ.: 2-7-2011/4-7-2013 | 3, (3(8),3(12),3(16)) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.6/856/2016 തീയതി: 27.07.2016 | 5 (2-2, 2-3, 2-4, 3-4, 3-6 ) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.6/1284/16 തീയതി: 24.11.2016 | 1 (2-3) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി6-1110/17 തീയതി:03.10.2017 | 5 (3-3,3-8,3-12,3-13(1),3-18) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/106/2019 തീയതി: 06-3-2019 | 9(3-1(1),3-2,3-3,3-4,3-12,3-14, 3-16,3-24,3-25) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/730/19 തീയതി: 16.09.2019 | 3 (2-2, 2-3, 3-3-1(2),(3)) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6/305/22തീയതി: 26.03.2022 | 20(1-13,1-15,1-16,1-19,1-20,1-21, 1-22,1-24,1-25,1-27,1-28,1-29,1-30, 1-32,1-35,1-37,3-1,3-2,4-1,4-2 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി6/548/22തീയതി: 17.06.2022 | 13(1-13,1-14,1-17,1-19,1-20, 1-21,1-24,1-25,1-29,1-30, 1-31,1-32,4-2) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി6/247/23 തീയതി: 30.03.2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട,

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 20-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the SEETHATHODE Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of SEETHATHODE Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of SEETHATHODE Grama Panchayat for the Year 2022-2023.

**1.Major Observations**

Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

**2.Other Observations**

1) Ratios as mentioned in the kerala panchayathi raj accounting rules ,rule 62 not submitted along with annual financial statement.

2)The details regarding part payment of public works not furnished by Assistant Engineer.So the accuracy of capital work in progress amount in Annual Financial Statement could not be ascertained

3)The total cash flow for the year in the cash flow statement does not match the amount shown in the statememt as the difference between opening balance and closing balance

4)Demand entries of Tax and Non tax revenues are not timely recorded.

5)The demand,collection and balance figures of property tax in sanchaya software does not match with the corresponding

figures in annual financial statement.

6)The balance in Finance Commission grant as per schedule B4 does not match with the balance amount in the respective bank account

7)Rs.20 lakh shown as balance of the amount received from the Block Panchayat for the implementation of joint venture projects as per Schedule B-4 has not been kept in the concerned treasury account.

8)As per Schedule B-7 , Rs. 615667 is shown as deposit balance. But the deposit register is not kept properly. So that the correctness of the said amount cannot be ascertained.

9)In annual financial Statement (as perSchedule B17, RP 40 (b)) a wrong bank account is included

10) As per Schedule B18 in annual financial Statement huge amount is shown as liability.

11) As per Schedule I6 in annual financial Statement the amount received from Block Panchayat and District Panchayat for the implementation of joint venture projects is wrongly recorded.

12)Monthly Bank reconciliation statement not prepared

13)The accuracy of the amounts in the prior period heads is not ascertained

14) Bank reconciliation is not done in Health grant account

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# DSR-2018 പ്രകാരമുള്ള PVC പൈപ്പുകളുടെ ഡേറ്റ

No. :LSGD/CELSGD/EST/72364/2023_5_1_1 (Edit Id : 2)
sor year : 2018,Cost Index (Place : Pathanamthitta,Value : 137.29),GST : 18%

| SOR/Spec Code | MR code | Description/Remarks | | | | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |
| 3:audit | | | | | | |
| 3.001-Specification code: 50.18.9.2.2 | | | | | | |
| Providing and fixing PVC pipes includings of pipes with one step PVC solvent cement, trenching, refilling & testing of joints complete as per direction of Engineer in Charge. 20 mm dia 10 Kgf/cm2 | | | | | | |
| Details of cost for 10 meter | | | | | | |
| Material | | | | | | M |
| | MR41 | PVC pipe 20 mm outer dia 10 kfg/cm2 Add 15% for fittings and wastage etc. on (A) | | | | |
| | | metre | 11.50000 | 30.00 | 345.00 | M1 |
| Labour | | | | | | L |
| 0116 | | Fitter(grade1) | | | | |
| | | Day | 0.08000 | 738.00 | 59.04 | L1 |
| 0114 | | Beldar Trenching and refilling etc | | | | |
| | | Day | 0.16000 | 558.00 | 89.28 | L2 |
| 0114 | | Beldar | | | | |
| | | Day | 0.66000 | 558.00 | 368.28 | L3 |
| 0115 | | Coolie | | | | |
| | | Day | 0.66000 | 558.00 | 368.28 | L4 |
| Total | | | 10.000 | metre | 1229.88 | |
| Unit Total | | | 1.000 | metre | 122.99 | |
| Add Water Charge | | | 122.99 | @1.00% | 1.23 | |
| Total | | | | | 124.22 | |
| Add Contractors Profit & Overhead | | | 124.22 | @15.00% | 18.63 | |
| Total | | | | | 142.85 | |
| Add Cost Index | | | 102.78 | @37.29% | 38.33 | |
| Total | | | | | 181.18 | |
| **GRAND TOTAL** | | | | metre | 181.18 | |
| Note | | | | | | |
| 3.002-Specification code: 50.18.9.4.1 | | | | | | |

No. :LSGD/CELSGD/EST/72364/2023_5_1_1 (Edit Id : 2)
sor year : 2018,Cost Index (Place : Pathanamthitta,Value : 137.29),GST : 18%

| SOR/Spec Code | MR code | Description/Remarks | | | | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |
| trenching refilling & testing of joints complete as per direction of Engineer in Charge 40 mm dia 10Kgf/cm2 | | | | | | |
| Details of cost for 10.00 metre | | | | | | |
| Material | | | | | | M |
| | MR46 | PVC pipe 40 mm outer dia. 10kgf/cm2 Add 15% for fittings and wastage etc. on | | | | |
| | | metre | 11.50000 | 84.00 | 966.00 | M1 |
| Labour | | | | | | L |
| 0116 | | Fitter(grade1) | | | | |
| | | Day | 0.16000 | 738.00 | 118.08 | L1 |
| 0114 | | Beldar Trenching and refilling etc | | | | |
| | | Day | 0.33000 | 558.00 | 184.14 | L2 |
| 0114 | | Beldar | | | | |
| | | Day | 0.66000 | 558.00 | 368.28 | L3 |
| 0115 | | Coolie | | | | |
| | | Day | 0.66000 | 558.00 | 368.28 | L4 |
| Total | | | 10.000 | metre | 2004.78 | |
| Unit Total | | | 1.000 | metre | 200.48 | |
| Add Water Charge | | | 200.48 | @1.00% | 2.00 | |
| Total | | | | | 202.48 | |
| Add Contractors Profit & Overhead | | | 202.48 | @15.00% | 30.37 | |
| Total | | | | | 232.85 | |
| Add Cost Index | | | 120.66 | @37.29% | 44.99 | |
| Total | | | | | 277.84 | |
| **GRAND TOTAL** | | | | metre | 277.84 | |
| Note | | | | | | |
| 3.004-Specification code: 50.18.9.6.1 | | | | | | |
| Providing and fixing PVC pipes includings jointing of pipes with one step PVC solvent cement, trenching, refilling & testing of joints complete as per direction of Engineer in Charge. 50 mm dia 10Kgf/cm2 | | | | | | |

EST No. :LSGD/CELSGD/EST/72364/2023_5_1_1 (Edit Id : 2)
(Dsor year : 2018,Cost Index (Place : Pathanamthitta,Value : 137.29),GST : 18%

| SOR/Spec Code | MR code | Unit | Quantity | Rate | Amount | Label |
|---|---|---|---|---|---|---|
| Providing and fixing PVC pipes includings jointing of pipes with one step PVC solvent cement, trenching, refilling & testing of joints complete as per direction of Engineer in Charge.32 mm dia 10.Kgf/cm2 | | | | | | |
| Details of cost for 10 .00 metre. | | | | | | |
| Material | | | | | | M |
| | MR44 | PVC pipe 32 mm outer dia. 10Kgf/cm2 Add 15% for fittings and wastage etc. on (A) | | | | |
| | | metre | 11.50000 | 65.00 | 747.50 | M1 |
| Labour | | | | | | L |
| 0116 | | Fitter(grade1) | | | | |
| | | Day | 0.12000 | 738.00 | 88.56 | L1 |
| 0114 | | Beldar Trenching and refilling etc | | | | |
| | | Day | 0.25000 | 558.00 | 139.50 | L2 |
| 0114 | | Beldar | | | | |
| | | Day | 0.66000 | 558.00 | 368.28 | L3 |
| 0115 | | Coolie | | | | |
| | | Day | 0.66000 | 558.00 | 368.28 | L4 |
| Total | | | 10.000 | metre | 1712.12 | |
| Unit Total | | | 1.000 | metre | 171.21 | |
| Add Water Charge | | | 171.21 | @1.00% | 1.71 | |
| Total | | | | | 172.92 | |
| Add Contractors Profit & Overhead | | | 172.92 | @15.00% | 25.94 | |
| Total | | | | | 198.86 | |
| Add Cost Index | | | 112.03 | @37.29% | 41.78 | |
| Total | | | | | 240.64 | |
| GRAND TOTAL | | | | metre | 240.64 | |
| Note | | | | | | |
| 3.003-Specification code: 50.18.9.5.1 | | | | | | |
| Providing and fixing PVC pipes includings jointing of pipes with one step PVC solvent cement, | | | | | | |

15

EST No. :LSGD/CELSGD/EST/72364/2023_5_1_1 (Edit Id : 2)
(Dsor year : 2018,Cost Index (Place : Pathanamthitta,Value : 137.29),GST : 18%

| SOR/Spec Code | MR code | Unit | Quantity | Rate | Amount | Label |
|---|---|---|---|---|---|---|
| Details of cost for 10.00 meter | | | | | | |
| Material | | | | | | M |
| | MR48 | PVC pipe 50 mm outer dia. 10 kgf/cm2 Add 15% for fittings and wastage etc. on | | | | |
| | | metre | 11.50000 | 90.00 | 1035.00 | M1 |
| Labour | | | | | | L |
| 0116 | | Fitter(grade1) | | | | |
| | | Day | 0.16000 | 738.00 | 118.08 | L1 |
| 0114 | | Beldar Trenching and refilling etc | | | | |
| | | Day | 0.33000 | 558.00 | 184.14 | L2 |
| 0114 | | Beldar | | | | |
| | | Day | 0.66000 | 558.00 | 368.28 | L3 |
| 0115 | | Coolie | | | | |
| | | Day | 0.66000 | 558.00 | 368.28 | L4 |
| Total | | | 10.000 | metre | 2073.78 | |
| Unit Total | | | 1.000 | metre | 207.38 | |
| Add Water Charge | | | 207.38 | @1.00% | 2.07 | |
| Total | | | | | 209.45 | |
| Add Contractors Profit & Overhead | | | 209.45 | @15.00% | 31.42 | |
| Total | | | | | 240.87 | |
| Add Cost Index | | | 120.66 | @37.29% | 44.99 | |
| Total | | | | | 285.86 | |
| GRAND TOTAL | | | | metre | 285.86 | |
| Note | | | | | | |